Reg. M. No 930 June 1913.

ശ്രേയാൻദ്രവ്യമയാദ്യജ്ഞാൽ
ജ്ഞാനയജ്ഞഃ പരംതപ
ഗീതാ 4-33.

SANATHANA DHARMA.

സനാതനധൎമ്മം.

പുസ്തകം 3. | 1913 ജൂൻമാസം | നമ്പ്ര 2.

വിഷയങ്ങൾ. ഭാഗം.

1. സരസ്വതീസ്തോത്രം 40
Hymn to Saraswathi
2. പത്രാധിപക്കുറിപ്പുകൾ. 44
Editorial Notes.
3. ചാതുൎവ്വൎണ്യം—ടി. പി. ആർ. എം. 45
On Caste.—T. P. R. M.
4. ജഗന്നാഥമാഹാത്മ്യം—വി. കെ. എൻ. 50
The Glory of Jaganath.—V. K. N.
5. വിഷയാനന്ദപ്രകരണം എം: കെ. വെങ്കിടേശ്വരയ്യർ ബി. എ. ബി. എൽ.
Vishayananda--A happy life.—M. K. Venkiteswara Iyer B.A, B.L.
6. മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ പി. വി. കൃഷ്ണവാരിയർ
Kunjukuttan Thampuran-The great poet. 57
7. ശിവഗീതാ 66
Sivagita
8. ബ്രഹ്മവിദ്യ[illegible]പാഠം—മൂൎക്കോത്ത് കുമാരൻ 69
Theosophy for Beginners.—Moorkoth Kumaran.
9. കോപം—പെരിഞ്ചേരി രാമൻമേനോൻ ബി. എ. ബി. എൽ. 72
Anger.—Perincheri Raman Menon. B. A., B. L.
10. പുസ്തകാഭിപ്രായം.
Book reviews.

ബ്രഹ്മവിദ്യാസംഘം.

(തിയോസോഫിക്കൽ സൊസൈററി)

ഏതുജാതിക്കും ഏതുമതത്തിന്നും വിശ്വസിക്കത്തക്കതായ ഈ സംഘത്തിൻെറ പ്രധാനോദ്ദേശങ്ങൾ, ഓരോ മതക്കാർ തങ്ങളിൽ നടന്നുവരുന്ന മതസ്പൎദ്ധകളെ ഇല്ലായ്മചെയ്യുക, ബ്രഹ്മവിദ്യയാൽ പ്രതിപാദിക്കപ്പെടുന്ന സദാചാരങ്ങളെ നടപ്പിൽവരുത്തുക, സന്മാൎഗ്ഗശ്രദ്ധയുള്ളവരെ ഒന്നായി കൂട്ടിച്ചേൎക്കുക മതപാഠങ്ങളിൽനിന്നു പരമാൎത്ഥജ്ഞാനത്തെ സമ്പാദിക്കുക, അതു അന്യന്നും മനസ്സിലാക്കുക, എന്നിവയാകുന്നു. മെമ്പർമാരൊത്തുകൂടുന്നതു മതങ്ങളെക്കുറിച്ചു വാദപ്രതിവാദങ്ങൾക്കല്ല. സത്യാന്വേഷണത്തിനുവേണ്ടി മാത്രമാണ. ഇതു അന്യപ്രേരണകൊണ്ടല്ല, തങ്ങൾക്കുവേണ്ടി അനുഷ്ഠിക്കുന്നതാണെന്നും പരിശുദ്ധജീവിതം, ധ്യാനം, അദ്ധ്യയനം, ഇവയുടെ ഉത്തമഫലം സൎവ്വജ്ഞാനമാണെന്നും അവർ ധരിച്ചിരിക്കണം. സൎവ്വജ്ഞാനം പഠിപ്പിൻെറ ഫലമാണെന്നു കരുതി, വിടാതെ പഠിച്ചുകൊള്ളണം. അറിവു സ്ഥാപിക്കേണ്ടതു ബുദ്ധിയാലാണ വാക്കിലല്ല. അവർ ക്ഷമ കുറഞ്ഞവരെക്കൂടി ക്ഷമയിൽ കൊണ്ടു നടക്കണം. അവർ എതിരഭിപ്രായപ്പാടുമയില്ലാത്തവരോടുകൂടി ക്ഷമകാണിക്കുന്നതു തങ്ങൾ അവൎക്കു ഒരു പ്രത്യേകമാന്യത നൽകുന്നുവെന്ന കരുതാതെ സാധാരണ ധൎമ്മമായി വിചാരിക്കേണ്ടതാണ. അജ്ഞാനത്തെ നീക്കുവാനല്ലാതെ അജ്ഞാനികളെ ശിക്ഷിക്കുവാൻ അവർ തുടങ്ങരുതു. ഏതു മതവും ദൈവീമാൎഗ്ഗബോധകമാണെന്നു വിശ്വസിക്കണം. മതങ്ങളെ ആക്ഷേപിക്കുന്നതിനേക്കാൾ അവയെ പഠിക്കുകയാണ ഗുണം. സ്വമതത്തിലേക്കു അന്യനെ ചേൎപ്പാൻ ബുദ്ധിമുട്ടുന്ന സമയംകൊണ്ടു താനതിനെ ആചരിക്കയാണ വേണ്ടതു. തങ്ങളുടെ ലക്ഷ്യം സത്യമാണെന്നു കരുതിക്കൊണ്ടു അവർ ക്ഷമയോടെ കാലയാപനം ചെയ്യണം. "ബ്രഹ്മവിദ്യ"യെന്നാൽ സകലമതങ്ങളുടേയും സത്യാംശങ്ങൾ ചേൎന്നിട്ടുള്ള ഒരു രൂപമാകയാൽ "ഞാൻ ഇതിൽ ഉൾപ്പെട്ടിട്ടില്ലെ"ന്നു ഏതു മതസ്ഥനും പറഞ്ഞുകൂട. "ബ്രഹ്മവിദ്യ" ജീവിതത്തെ പരിശുദ്ധനിലയിൽ കൊണ്ടുനടത്തുവാൻ ഉപദേശിക്കുന്നതും നീതിയും സത്യവും വെളിപ്പെടുത്തുന്നതുമായ ഒരു തത്വശാസ്ത്രമാകുന്നു. ഇതു നിത്യപ്രകാശമുള്ള ഒരു ഉത്തമമാൎഗ്ഗത്തെ കാണിച്ചുകൊണ്ടു ജീവിതത്തെ പരമപദത്തിലെത്തിക്കുന്നു. താൻ തന്നെ ബ്രഹ്മമാണെന്നും മനസ്സും ദേഹവും ബ്രഹ്മത്തിന്നധീനമാണെന്നും ഇതു മനുഷ്യനുപദേശിക്കുന്നു. ഇതു മനുഷ്യനു ജ്ഞാനദൃഷ്ടിയുണ്ടാക്കു[illegible]തിനാൽ അതുവഴിയായി അലന്നു മതങ്ങളിൽ മറഞ്ഞുകിടക്കുന്ന അന്തരൎത്ഥ [illegible]ിപ്പെടുകയും ശാസ്ത്രപ്രമാണങ്ങൾ പ്രകാശിക്കുകയും ചെയ്യും.

ബ്രഹ്മവിദ്യാസംഘത്തിലെ മെമ്പർമാർ ഈ [illegible]ങ്ങളെ പഠിക്കയും അനുസരിക്കയും വേണം. സഹനശക്തിയും പരമപദശ്രദ്ധയും ചേൎന്നു ഏതൊരുവനും ഇതു പഠിക്കുന്നതായാൽ അവൻ ഒരു യഥാൎത്ഥ ബ്രഹ്മചിന്തകൻ (തിയോസോഫിസ്റ്റ്) ആയിത്തീരുന്നതാകുന്നു. ബ്രഹ്മവിദ്യാസംഘത്തിൽ മെമ്പർമാരായിചേരുവാൻ ആഗ്രഹിക്കുന്നവർ ഈ മാസികയുടെ പത്രാധിപരോടു എഴുതിചോദിച്ചാൽ വിവരങ്ങൾ അറിയിച്ചുകൊടുക്കുന്നതാണ.

വരിക്കാരോട്

ഞങ്ങളുടെ വരിക്കാരിൽ പലരും വരിസംഖ്യബാക്കിവെച്ചിരിക്കുന്നു. ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് മാസികക്ക് സഹായത്തിന്നുപകരം ഉപദ്രവമാണ് വന്നുചേരുന്നത്. ഇനിയെങ്കിലും ബാക്കി ഉടനെ തീർത്തുതന്നാൽ ഉപകാരം. ഇതും ചെയ്യാത്തവക്ക് വരുന്നലക്കം വി-പി ആയി അയക്കുവാൻ തീച്ചയാക്കിയിരിക്കുന്നു. വി-പി വാങ്ങുവാൻ സൌകൎയ്യമില്ലാത്തവർ മുൻകൂട്ടി അറിയിച്ചുതരുമല്ലൊ. മാനേജർ.

വില്പാൻതയ്യാർ ! ന്യായവില ! നല്ലസാധനങ്ങൾ.

ശിശുത്തരം മുതൽ 6-ാംഫോറംവരെ ഏതുതരത്തിലേക്കും വേണ്ടതായ ഇംഗ്ലീഷുബുക്കുകളും ഇപ്പോഴത്തെ വിദ്യാഭ്യാസനിയമങ്ങൾക്കനുസരിച്ചുള്ളവ ന്യായമായവിലക്കുവില്പാൻ തയ്യാറുണ്ട്. ഇതുകൂടാതെ ഉപാദ്ധ്യായന്മാക്കും വിദ്യാൎത്ഥികൾക്കും എപ്പോഴും ഉപകാരമായ അകാരാദിമുതലായ പുസ്തകങ്ങളും ഞങ്ങൾ വില്ക്കുന്നു. ആവശ്യമുള്ള ഏതുപുസ്തകവും ചുരുക്കം കമീഷന്ന് വരുത്തികൊടുപ്പാനും ഞങ്ങൾ ഒരുക്കമുണ്ട്.

ഇവകൂടാതെ അച്ചടിക്കടലാസ്സുകൾ, അച്ചടിമഷി, എഴുത്തുസാമാനങ്ങൾ, നോട്ടുപുസ്തകങ്ങൾ, ബിസ്കത്ത് മുതലായ ഭക്ഷ്യങ്ങളും മററുപലതും മൎയ്യാദവിലക്കു ഞങ്ങൾകൊടുക്കാം.

ഗോക്കറൻ ബ്രദെർസ്സ്,
കോഴിക്കോട്.

ഹിന്ദുമത പുസ്തകങ്ങൾ

1.	ഭഗവൽഗീതയെപററി ഒരു ഉപന്യാസം	0—4—0
2.	ഭഗവൽഗീതയിലെ മുഖ്യപദങ്ങളുടെ അൎത്ഥവും അനുക്രമണികയും	0—1—0
	ഭഗവൽഗീതാമൂലശ്ലോകങ്ങളുംമലയാളതൎജ്ജമയും	0—8—0

പി. കുഞ്ഞിച്ചന്തു, തലശ്ശേരി.

പഞ്ചാംഗം

1913 ജൂൻ.

കറുത്തവാവ് 4-ാംനു-　　　　　　വെളുത്തവാവ് 18-ാംനു-

ഇംഗ്ലീഷ് നു-	മലയാളം കൊല്ലം മാസം നു-		ആഴ്ച.	നക്ഷത്രം.	തിഥി.	വിശേഷദിവസങ്ങൾ.
1		19	ഞായർ	അ $52\frac{1}{4}$	ദ്വാ $45\frac{5}{8}$	
2		20	തിങ്കൾ	ഭ 56	ത്ര $50\frac{2}{3}$	
*3		21	ചൊവ്വ	കാ $58\frac{5}{8}$	ച $51\frac{7}{8}$	* രാജാവിൻെറ പിറന്നാൾ.
4		22	ബുധൻ	കാ $\frac{1}{4}$	● $51\frac{3}{4}$	
5		23	വ്യാഴം	രോ $\frac{5}{8}$	പ്ര $50\frac{3}{8}$	
6	ഇടവം	24	വെള്ളി	തി $59\frac{7}{8}$	ദ്വി $47\frac{5}{8}$	
7		25	ശനി	പു 58	തൃ $43\frac{5}{8}$	
8		26	ഞായർ	പൂ $55\frac{1}{4}$	ച $38\frac{5}{8}$	
9		27	തിങ്കൾ	ആ $51\frac{3}{4}$	പ $32\frac{7}{8}$	
10		28	ചൊവ്വ	മ $47\frac{5}{8}$	ഷ $26\frac{3}{8}$	
11		29	ബുധൻ	പൂ $43\frac{1}{4}$	സ $19\frac{5}{8}$	
12	1088	30	വ്യാഴം	ഉ $38\frac{7}{8}$	അ $12\frac{3}{4}$	
13		31	വെള്ളി	അ $34\frac{3}{4}$	ന $5\frac{1}{4}$	
14		1	ശനി	ചി 31	ദ $\frac{1}{8}$	
15		2	ഞായർ	ചോ $28\frac{1}{4}$	ദ്വാ $55\frac{1}{3}$	
16		3	തിങ്കൾ	വി $26\frac{1}{8}$	ത്ര $50\frac{7}{8}$	
17		4	ചൊവ്വ	അ $25\frac{1}{8}$	ച $47\frac{3}{8}$	
18		5	ബുധൻ	കേ $25\frac{1}{4}$	○ 46	
19		6	വ്യാഴം	മൂ $26\frac{1}{2}$	പ്ര $45\frac{1}{4}$	
20	മിഥുനം	7	വെള്ളി	പൂ 29	ദ്വി $46\frac{3}{8}$	
21		8	ശനി	ഉ $32\frac{3}{8}$	തൃ $48\frac{1}{4}$	
22		9	ഞായർ	തി $36\frac{3}{4}$	ച $51\frac{1}{4}$	
23		10	തിങ്കൾ	അ $11\frac{7}{8}$	പ 55	
24		11	ചൊവ്വ	ച $47\frac{1}{2}$	ഷ $59\frac{1}{4}$	
25		12	ബുധൻ	പൂ $52\frac{1}{4}$	സ $3\frac{3}{4}$	
26		13	വ്യാഴം	ഉ $59\frac{1}{2}$	അ $12\frac{5}{8}$	
27		14	വെള്ളി	ഉ $4\frac{5}{8}$	ന $16\frac{1}{8}$	
28		15	ശനി	രേ $9\frac{5}{8}$	ദ $18\frac{7}{8}$	
29		16	ഞായർ	അ $13\frac{3}{4}$	ഷ $3\frac{3}{4}$	
30		17	തിങ്കൾ	ഭ $17\frac{1}{8}$	ഏ $20\frac{5}{8}$	

ഓം

സത്യാന്നാസ്തിപരൊധൎമ്മഃ

സനാതനധൎമ്മം.

ശ്രേയാൻദ്രവ്യമയാദ്യജ്ഞാൽ ജ്ഞാനയജ്ഞഃ പരംതപ. ഗീതാ 4—33

പുസ്തകം 3.	1913 ജൂൻമാസം	നമ്പ്ര 2.

ആശ്വലായനമുനികൃതം

സരസ്വതീസ്തോത്രം

1. യൽപാദാംബുജമംബുജാസനമുഖൈ
രാദ്യൈരചിന്ത്യംസുരൈ
ശ്ചാരിത്രമഗണ്യമേവവചസാം
വാചസ്പതെരുച്ഛ്രിതം
യൽകാരുണ്യകടാക്ഷസൂത്രകലിതാ
ചിത്രാജഗന്മാലികാ
പായാത്സാമമസൎവ്വദാഭഗവതീ
ഭദ്രേശ്വരീഭദ്രദാ.

യൽപാദാംബുജം=യാതൊരുദേവിയുടെകാൽതാമര. അംബുജാസനമുഖൈഃ=ബ്രഹ്മാമുതലായി. ആദ്യൈഃ=ആദ്യന്മാരായദൈവൈഃ=ദെവന്മാരാൽ. അചിന്ത്യം=ചിന്തിപ്പാൻകഴിയാത്തതൊ. ഉഛ്ശ്രിതം=ഉയൎന്നതായ. യച്ചാരിത്രം=യാതൊരുദേവിയുടെചരിത്രം. വാചസ്പതേഃ=ബൃഹസ്പതി ഭഗവാന്റെ വചസാം=വാക്കുകൾക്ക. ഏവ=തന്നെ. അഗണ്യം=കണക്കാക്കിപറവാൻ കഴിയാത്തതൊ,. ചിത്രാ=നാനാപ്രകാരയായ. ജഗന്മാലികാ=ജഗത്താകുന്നമാല. യൽകാരുണ്യകടാക്ഷസൂത്രകലിതാ=യാതൊരു ദേവിയുടെ ദയയോടു കൂടിയ കടക്കണ്ണ് നോക്കാകുന്ന നൂലിൽ കോൎക്കപ്പെട്ടതൊ,. ഭദ്രാ=ശുഭങ്ങളെ കൊടുക്കുന്നവളും. ഭദ്രേശ്വരീ=ശുഭങ്ങൾക്ക ഈശ്വരിയുമായ. സാ ഭഗവതീ

=അ ഭഗവതീ. സർവ്വദാ=എല്ലായ്പ്പോഴും. മമ=എന്നെ (ദ്വിതീയാർത്ഥത്തിൽ ഷഷ്ഠി) പായാൽ=പാലിക്കേണമെ.

2\. വന്ദേ ശർവ്വസുരാദിഭിർന്നിഗദിതാം ലോകപ്രസിദ്ധാം പ്രഭാം
ശുദ്ധാം ശാസ്ത്രപുരാണനാടകമഹാകാവ്യാദിസഞ്ചാരിണീം
ബ്രഹ്മാദിത്രിദശൈരനിന്ദിതഗുണൈരാവേഷ്ടിതാം സർവ്വദാ
നാനാഭൂഷണഭൂഷിതാം നതജനാഭീഷ്ടപ്രദാം ഭാരതീം.

ശർവ്വസുരാദിഭിഃ=ശിവൻ ദേവന്മാർ മുതലായവരാൽ. നിഗദിതാം=സ്തുതിച്ചു പറയപ്പെട്ടവളും. ലോകപ്രസിദ്ധാം=ലോകത്തിൽ പ്രസിദ്ധയായും. പ്രഭാം=തേജോരൂപിണിയായും: ശുദ്ധാം=നിഷ്കളങ്കയും. ശാസ്ത്ര പുരാണ നാടക മഹാകാവ്യാദി സഞ്ചാരിണീം=ശാസ്ത്രങ്ങൾ, പുരാണങ്ങൾ, നാടകങ്ങൾ, മഹാകാവ്യങ്ങൾ മുതലായവലവയിൽ സഞ്ചരിക്കുന്നവളും. അനിന്ദിതഗുണൈഃ=നിന്ദിക്കപ്പെടാത്ത സൽഗുണങ്ങളുള്ളവരായ. ബ്രഹ്മാദിത്രിദശൈഃ=ബ്രഹ്മാവു മുതലായ ദേവന്മാരാൽ. സർവ്വദാ=എല്ലായ്പ്പോഴും. ആവേഷ്ടിതാം=ചുഴലവും സേവിക്കപ്പെട്ടവളും. നാനാഭൂഷണഭൂഷിതാം=പല ആഭരണങ്ങളാൽ അലങ്കരിക്കപ്പെട്ടവളും. നതജനാഭീഷ്ടപ്രദാം=വണങ്ങിയവർക്കു വേണ്ടുന്ന ഇഷ്ടത്തെ കൊടുക്കുന്നവളുമായ. ഭാരതീം=സരസ്വതീദേവിയെ. വന്ദേ=(ഞാൻ) വന്ദിക്കുന്നു.

3\. ശുഭ്രാം ശുഭ്രവിലേപമാല്യവസനാം
ശീതാംശുഖണ്ഡോജ്ജ്വലാം
വ്യാഖ്യാമക്ഷഗുണം സുധാഢ്യകലശം
വിദ്യാഞ്ച ഹസ്താംബുജൈഃ
ബിഭ്രാണാം കമലാസനാം കുചനതാം
വാഗ്ദേവതാം സുസ്ഥിതാം
വന്ദേ വാഗ്വിഭവപ്രദാം ത്രിണയനാം
സൌഭാഗ്യസമ്പൽകരീം.

ശുഭ്രാം=വെളുത്ത നിറമുള്ളവളും. ശുഭ്രവിലേപമാല്യവസനാം=വെളുത്ത ചന്ദനം പുഷ്പമാല വസ്ത്രം ഇതുകളുള്ളവളും. ശീതാംശുഖണ്ഡോജ്ജ്വലാം=ചന്ദ്രക്കലയാലെ ശോഭിച്ചവളും. വ്യാഖ്യാം=വ്യാഖ്യാനപുസ്തകം. അക്ഷഗുണം=സ്ഫടികമണികളാലുള്ള ജപമാല. സുധാഢ്യകലശം=അമൃതനിറച്ച കംഭം. വിദ്യാംച=ചിന്മുദ്ര ഇവ നാലിനെയും. ഹസ്താംബുജൈഃ=താമരപൂവിനൊത്ത കൈത്തലങ്ങളാൽ. ബിഭ്രാണാം=വഹിക്കുന്നവളും. കമലാസനാം=

വെള്ളത്താമരപൂവിലിരിക്കുന്നവളും. കുചനതാം=മുലത്തടമാകുന്ന ഭാരത്താലെന്നപോലെ മേൽശരീരം അല്പം വണങ്ങിയുള്ളവളും. സുസ്ഥിതാം=നല്ല ഇരിപ്പുള്ളവളും. വാഗ്വിഭവപ്രദാം=വാക്കിന്ന സാമർത്ഥ്യം തരുന്നവളും. സൌഭാഗ്യസമ്പൽകരീം=സൌന്ദര്യമാകുന്ന സമ്പത്തിനെ ചെയ്യുന്നവളും. ത്രിണയനാം=മൂന്നു കണ്ണുകളോടു കൂടിയവളുമായ വാഗ്ദേവതാം=വാഗ്ദേവതയായ സരസ്വതിയെ വന്ദെ=(ഞാൻ)വന്ദിക്കുന്നു.

4. ഛന്ദഃപാദയുഗോരു ചാരുജഘനാ ശിക്ഷാപിജംഘെശ്രുതി
ഋഃഗ്വാദാദിയുഗായജുസ്സുവദനാ യാസാമവാമോദരാ
തർക്കോദ്യൽസ്തനചാശ്രുതിസ്മൃതിഭുജാ കാവ്യാരവിന്ദാനനാ
വേദാന്താമലലോചനാവിലസിതാംതാംനൌമിവാഗീശ്വരീം

ഛന്ദഃപാദയുഗൊരുചാരുജഘനാ=ഛന്ദൊവിചിതിയെന്ന ശാസ്ത്രമാകുന്ന രണ്ടു പാദങ്ങളോടും തുടകളോടും മനോഹരമായ അരക്കെട്ടോടും കൂടിയവളും ശിക്ഷാ അപി—ശിക്ഷാ എന്ന ശാസ്ത്രവും. ജംഘെ=മുഴങ്കാലുകളായും. ഋഗ്വേദാദിയുഗാ=ആദിവേദവും ആദി യുഗവുമായ ഋക്കും കൃതവും. ശ്രുതീ=രണ്ടു ചെവികളായും. യജുസ്സുവദനാ=യജുർവ്വേദമാകുന്ന നല്ല വായും. സാമവാമോദരാ=സാമവേദമാകുന്ന ഭംഗിയായ വയറും. തർക്കോദ്യൽസ്തനാ=തർക്കശാസ്ത്രമാകുന്ന വിളങ്ങുന്ന സ്തനങ്ങളും. ശ്രുതിസ്മൃതിഭുജാ=മറെറ ശ്രുതികളും സ്മൃതികളുമാകുന്ന കൈകളും. കാവ്യാരവിന്ദാനനാ=കാവ്യങ്ങളാകുന്ന താമരയൊത്ത മുഖവും. വേദാന്താമലലോചനാ=വേദാന്തശാസ്ത്രമാകുന്ന തെളിഞ്ഞ കണ്ണുകളും. യാ=ഇങ്ങിനെ അവയവങ്ങളുള്ളവൾ യാതൊരുത്തിയൊ. വിലസിതാം=ഇങ്ങിനെ ശോഭിക്കുന്ന, താം വാഗീശ്വരിം= ആ വാഗീശ്വരിയായ സരസ്വതിയെ. നൌമി=(ഞാൻ)നമസ്കരിക്കുന്നു.

5. യാകുന്ദേന്ദുതുഷാരഹാരധവളാ യാശുഭ്രവസ്ത്രാവൃതാ
യാവീണാവരദണ്ഡമണ്ഡിതകരാ യാശ്വേതപത്മാസനാ
യാബ്രഹ്മാച്യുതശങ്കരപ്രഭൃതിഭി ർദ്ദേവൈസ്സദാപൂജിതാ
സാമാംപാതുസരസ്വതീഭഗവതി നിശ്ശേഷജാഡ്യാപഹാ.

യാ=യാതൊരുവൾ. കുന്ദേന്ദുതുഷാരഹാരധവളാ=മുല്ലപ്പൂ, ചന്ദ്രൻ, മഞ്ഞുകട്ടി, മുത്തുമണി ഇതുകൾപോലെ വെളുത്ത നിറമുള്ളവളും. യാ=യാതൊരുവൾ. ശുഭ്രവസ്ത്രാവൃതാ=വെളുത്ത വസ്ത്രം ധരിച്ചവളും. യാ=യാതൊരുവൾ. വീണാവരദണ്ഡമണ്ഡിതകരാ=വീണയുടെ ശ്രേഷ്ഠമായ തണ്ടുകൊണ്ട് അലങ്കരിക്കപ്പെട്ട കൈകളുള്ളവളും. യാ=യാതൊരുവൾ. ശ്വേതപത്മാസനാ=വെള്ളത്താമര പീഠമായുള്ളവളും. യാ=യാതൊരുവൾ. ബ്രഹ്മാച്യുതശങ്കരപ്രഭൃതി

ഭിഃ=ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർ മുതലായ. ദേവൈഃ=ദേവന്മാരാൽ. സദാ=എല്ലായ്പ്പോഴും. പൂജിതാ=പൂജിക്കപ്പെട്ടവളുമൊ. നിശ്ശേഷജാഡ്യാപഹാ=ഒട്ടൊഴിയാത്ത ബുദ്ധിമാന്ദ്യത്തെ കളയുന്നവളായ. സാ സരസ്വതീഭഗവതീ=ആ സരസ്വതീ ഭഗവതീ. മാം=എന്നെ, പാതു=രക്ഷിക്കേണമെ.

6. ദോർഭിര്യുക്താചതുർഭിസ്ഫടികമണിമയീമക്ഷമാലാംദധാനാ [രേണ
ഹസ്തേനൈകേനപത്മംസിതമപിചശുകംപുസ്തകഞ്ചാപ-
ഭാസാകുന്ദേന്ദുശംഖസ്ഫടികമണിനിഭാഭാസമാനാസമാനാ
സാമെവാഗ്ദേവതേയംനിവസതുവദനെസർവ്വദാസുപ്രസന്നാ

ചതുർഭിഃ=നാലു. ദോർഭിഃ=കൈകളോടു. യുക്താ=കൂടിയവളും. ഏകേന=ഒരുഭാഗത്തെ. ഹസ്തേന=രണ്ടു കൈകൊണ്ടു. സ്ഫടികമണിമയീം=സ്ഫടികമണികളാലുള്ള. അക്ഷമാലാം=ജപസംഖ്യ കണക്കാക്കുന്ന മാലയേയും. സിതം=വെളുത്ത. പത്മം=താമരപ്പൂവിനേയും. അപി ച=മറ്റും അപരേണ=മറുഭാഗത്തെ രണ്ടു കൈകൊണ്ടു. ശുകം=തത്തയേയും. പുസ്തകം ച=പുസ്തകത്തേയും. ദധാനാ=ധരിച്ചുകൊണ്ടിരിക്കുന്നവളും. ഭാസാ=ശോഭയാൽ. കുന്ദേന്ദുശംഖസ്ഫടികമണിനിഭാ=മുല്ലപ്പൂ, ചന്ദ്രൻ, ശംഖു, സ്ഫടികമണി, ഇവകൾക്കു ശരിയായി ഭാസമാനാ=വിളങ്ങുന്നവളും. അസമാനാ=ഉപമിക്കാൻ ഉപമയില്ലാത്തവളുമായി (യാതൊരുവളൊ) സാ ഇയം=ആ ഈ. വാഗ്ദേവതാ=വാഗ്ദേവതയായ സരസ്വതീ. സുപ്രസന്നാ=നന്നെ പ്രസാദിച്ചവളായിട്ടു. മെ=എന്റെ. വദനെ=മുഖത്തിൽ. സർവ്വദാ=എല്ലായ്പ്പോഴും. നിവസതു=നിവസിക്കേണമെ.

7. അമലകമലസംസ്ഥാ ലേഖിനീപുസ്തകോദ്യൽ
കരയുഗളസരോജാ കുന്ദമന്ദാരഗൌരാ
ധൃതശശധരഖണ്ഡോല്ലാസ കോടീരജൂടാ
ഭവതുഭവഭയാനാം ധ്വംസിനീഭാരതീനഃ.

അമലകമലസംസ്ഥാ=കളങ്കമില്ലാത്ത താമരയിലിരിക്കുന്നവളും. ലേഖിനീപുസ്തകോദ്യൽകരയുഗളസരോജാ=എഴുത്താണി, പുസ്തകം, ഇവ രണ്ടിനാലും വിളങ്ങുന്ന രണ്ടു കൈത്താമരയുള്ളവളും. കുന്ദമന്ദാരഗൌരാ=മുല്ല മന്ദാര പൂക്കളെപ്പോലെ വെളുത്തവളും. ധൃതശശധരഖണ്ഡോല്ലാസ കോടീരജൂടാ=ധരിച്ചിരിക്കുന്ന ചന്ദ്രക്കലയാലെ വിളങ്ങുന്ന തലമുടിയുള്ളവളുമായ. ഭാരതീ=സരസ്വതീദേവി. നഃ=ഞങ്ങളുടെ. ഭവഭയാനാം=സംസാര ഭയങ്ങളുടെ. ധ്വംസിനീ=നാശത്തെ ചെയ്യുന്നവളായി. ഭവതു=ഭവിക്കേണമെ.

8. കുന്ദേന്ദുവാരണമൃണാളമരാളതാര
നീഹാരഹാരഘനസാരപടീരഗൌരാ
യാപുസ്തകാക്ഷവലയാങ്കുശപാശഹസ്താ
സാഭാരതീഹരമതാം മുഖപങ്കജേമെ.

യാ—യാതൊരുവൾ. കുന്ദേന്ദുവാരണമൃണാളമരാളതാര നീഹാരഹാരഘനസാരപടീരഗൌരാ—മുല്ലപൂ, ഐരാവതം, താമരവളയം, അരയന്നം, നക്ഷത്രം, മഞ്ഞുകട്ടി, മുത്തുമാല, പച്ചകർപ്പൂരം, ചന്ദനം ഇവയെപോലെ വെളുത്തവളും, പുസ്തകാക്ഷവലയാങ്കുശപാശഹസ്താ—പുസ്തകം, ജപമാല, തോട്ടി, പാശം, ഇതുകൾ കൈകളിലുള്ളവളുമൊ. സാ ഭാരതീ=ആ സരസ്വതി. ഇഹ=ഇവിടെ. മെ=എന്റെ മുഖപങ്കജെ=മുഖമാകുന്ന താമരപൂവിൽ. രമതാം=വിളയാടേണമെ.

9. തുംഗസ്തനീംതുഹിനഹാരസമാനഭാസാം
ശാതോദരീംശശികലാകലിതാവതംസാം
ചന്ദ്രാനനാംചകിതബാലകുരംഗനേത്രാം
വീണാവിനോദനരതാം കലയാമിവാണീം.

തുംഗസ്തനീം=തടിച്ച സ്തനങ്ങളുള്ളവളും. തുഹിനഹാരസമാനഭാസാം=മഞ്ഞ് മുത്തുമാല ഇവപോലെ നിറമുള്ളവളും. ശാതോദരീം=ഒതുങ്ങിയ വയറുള്ളവളും. ശശികലാകലിതാവതംസാം=ചന്ദ്രക്കല ചേർത്തിരിക്കുന്ന കിരീടമുള്ളവളും. ചന്ദ്രാനനാം=ചന്ദ്രനെപോലെമുഖമുള്ളവളും. ചകിതബാലകുരംഗനേത്രാം=മെരണ്ടിരിക്കുന്ന മാൻകുട്ടിയുടെ കണ്ണുകൾപോലെ ഇളകുന്ന കണ്ണുകളുള്ളവളും. വീണാവിനോദനരതാം=വീണവായനയിൽ പ്രിയമുള്ളവളുമായ, വാണീം=സരസ്വതിയെ. കലയാമി=(ഞാൻ മനസ്സിനാൽ) ധ്യാനിക്കുന്നു.

10. നീഹാരഹാരഘനസാരസുധാകരാഭാം
കല്യാണദാംകനകചമ്പകദാമഭൂഷാം
ഉത്തുംഗപീനകുചകുംഭ മനോഹരാംഗീം
വാണീംനമാമിമനസാവചസാംവിഭൂത്യൈ.

നീഹാരഹാരഘനസാരസുധാകരാഭാം=മഞ്ഞു, മുത്തുമാല, പച്ചകർപ്പൂരം, ചന്ദ്രൻ ഇവയെപോലെ ശോഭയുള്ളവളും, കല്യാണദാം=മംഗലങ്ങളെ തരുന്നവളും. കനകചമ്പകദാമഭൂഷാം=സ്വർണ്ണചമ്പക പൂമാലയണിഞ്ഞവളും. ഉത്തുംഗപീനകുചകുംഭമനോഹരാംഗീം=ഉയൎന്ന തടിച്ച കുംഭങ്ങൾപോലുള്ള സ്തനങ്ങളാൽ മനോഹരമായ ശരീരമുള്ളവളുമായ. വാണീം=സരസ്വതിയെ വചസാം=വാക്കുകളുടെ. വിഭൂത്യൈ-വൈഭവത്തിനുവേണ്ടി, മനസാ=മനസ്സിനാൽ, നമാമി=(ഞാൻ) വണങ്ങുന്നു,

പത്രാധിപക്കുറിപ്പുകൾ.

ഒരു പുതിയ കോളെജ് — വരുന്ന ജൂലായി 7-ാംനു കാശിയിൽ ബ്രഹ്മവിദ്യാസംഘംവക ഒരു പുതിയ കോളേജ് തുറക്കപ്പെടുമെന്നറിയുന്നു. ഇപ്പോൾ സംഘംവകയായി നടത്തിവരുന്ന കാശിയിലെ ഹിന്തുകോളേജ് കാശിസർവ്വകലാശാലക്ക ഏല്പിച്ചുകൊടുക്കുന്നതും പുതിയ കോളേജ് മേപ്പടി സർവ്വകലാശാലയുടെ പരീക്ഷാപരിധിക്കുള്ളിൽ പെടുന്നതും ആകുന്നു. ഇതിൽ ആത്മീയവിദ്യാഭ്യാസത്തിന്ന് പ്രത്യേകഏർപ്പാടുകൾ ചെയ്യുന്നതാണ്.

എസ്സ്. എൻ. ഡി. പി. യോഗം — ശ്രീനാരായണധർമ്മപരിപാലന സംഘത്തിൻെറ പത്താമത്തെ വാർഷികയോഗം പെൻഷൻ സബ്ബജഡ്ജി റാവുസാഹെബ് പി. രാമൻ ബി-എ-ബി-എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ മെയി മാസം 19-ം 20-ം തിയ്യതികളിൽ കോഴിക്കോട്ട് വാണിജ്യവിദ്യാലയത്തിൽവെച്ച് കൂടിയിരുന്നു. ഒന്നാംദിവസം, ശ്രീനാരായണഗുരുസ്വാമികൾ മലയാളക്കരയിലെ തിയ്യസമുദായത്തിന്നു ഐഹികമായും പാരത്രികമായും ഉള്ള ഉൽഗതിക്ക് ചെയ്യുവരുന്നഅശ്രാന്തപരിശ്രമത്തെപററി ശിവപ്രസാദസ്വാമിയുടെപ്രസംഗവുംരണ്ടാംദിവസംരാത്രിബ്രഹ്മശ്രീ കെ. രാമസ്വാമി അയ്യർ ബി-എ-എൽററി അവർകൾചെയ്യ ഹരികഥാകാലക്ഷേപവും ഈ സമ്മേളത്തിലെ മുഖ്യമായ രണ്ടിനങ്ങളായിരുന്നു. ആത്മികവിഷയത്തിൽ ഒരു ആദൎശമില്ലാതെയും സാമൂഹ്യകാൎയ്യങ്ങളിൽ ബ്രിട്ടീഷ,തിരുവിതാംകൂർ, കൊച്ചി ഈ മൂന്നുശീമകളിലേക്കും പൊതുവിലുള്ള ഒരുനാഥനില്ലാതെയും ഛിന്നിച്ചിതറിയിരുന്ന തിയ്യസമുദായത്തെക്കൂട്ടിയിണക്കി ശുഭമായജീവിതപന്ഥാവിലേക്ക നയിച്ചിട്ടുള്ള ശ്രീനാരായണഗുരുസ്വാമികളുടെ കീൎത്തനീയങ്ങളായ പ്രയത്നങ്ങളും, ആ പുണ്യപുരുഷൻെറ ഉൽകൃഷ്ടോദ്യമങ്ങളിൽ സഹായിപ്പാൻ മേപ്പടിയോഗം നടത്തിപ്പോരുന്ന ഡോക്ടർ പല്പു, മിസ്റ്റർ കുമാരനാശാൻ മുതലായവരുടെ ഉത്സാഹങ്ങളും, കോഴിക്കോട്ട് വെച്ച് ഈ യോഗം കൂടുവാൻ ഏൎപ്പാട ചെയ്യ് വേണ്ടപോലെകൊണ്ടുനടത്തിയതിന്ന് തൽപ്രവൎത്തകന്മാരുടെ ഉദ്യോഗങ്ങളും അഭിനന്ദനീയംതന്നെ.

ചാതുർവ്വർണ്യം

ടി. പി. ആർ. മേനോൻ.

ഹിന്തുക്കളുടെ മതത്തിലും, ജീവിതനിയമങ്ങളിലുമുള്ള സാമുദായികമായ ഏകതത്വവിചാരത്തെ തെളിയിക്കുന്നതിന് അവരുടെ പ്രമാണഗ്രന്ഥങ്ങളെ നമുക്കൊന്ന് പരിശോധിക്കുക. ജാതി (വർണ്ണ)വിഭാഗമെന്ന സ്ഥാപനത്തിൽ അടക്കിയിരിക്കുന്ന സാമുദായിക ഐക്യത്തെക്കാൾ സത്യമായും വിസ്തീർണ്ണമായുമുള്ള സുന്ദരമായ കാഴ്ചമറെറവിടെയും കാണ്മാൻ സാധിക്കയില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. പ്രപഞ്ചകർത്താവായ പുരുഷൻെറ പലഭാഗങ്ങളാണെന്നു സങ്കല്പിച്ചിരിക്കുന്ന വർണ്ണവ്യവസ്ഥയിൽ ഒതുങ്ങിയിരിക്കുന്ന തത്വം പല അധിക്ഷേപത്തിനും തെററിദ്ധാരണക്കും കാരണമായിട്ടുണ്ട്. ഏററവും പ്രാചീനവും പരിശുദ്ധവുമായ പ്രമാണഗ്രന്ഥങ്ങളെ പരിശോധിക്കുമ്പോൾ ഋഗ്വേദം ൧൧-ം, ൧൨-ം മന്ത്രങ്ങളിൽ ഇങ്ങിനെകാണാം;

"പുരുഷനെ ഭാഗിച്ചിട്ട് എത്രഭാഗങ്ങളാക്കി? അവൻെറ മുഖമെന്നും അവൻെറ ബാഹുവെന്നും എന്തിനെ വിളിക്കുന്നു? അവൻെറ തുടകളെന്നും കാലടികളെന്നും എന്തിനെ വിളിക്കുന്നു?"

"ബ്രാഹ്മണൻ അവൻെറ മുഖംആകുന്നു. അവൻെറ കൈകളിൽ നിന്ന് രാജന്യനുണ്ടാക്കപ്പെട്ടു. അവൻെറ തുടകൾ വൈശ്യനായി. കാലുകളിൽ നിന്ന് ശൂദ്രനുണ്ടാക്കപ്പെട്ടു."

൧൨-ാമത്തെ ഋഗ്വേദമന്ത്രമായ, "ബ്രാഹ്മണോസ്യമുഖമാസീൽ ബാഹുരാജന്യഃ കൃതഃ ഊരുതദസ്യയദ്വൈശ്യഃ പദ്ഭ്യാം ശൂദ്രോ അജായത" എന്നതിനെത്തന്നെ മാററമൊന്നും കൂടാതെ യജുർവ്വേദത്തിലെ മുപ്പത്തൊന്നാം അദ്ധ്യായം ൧൧-ാം മന്ത്രമായും ചേർത്തുകാണുന്നുണ്ട്. ഇങ്ങിനെ രണ്ടുവേദങ്ങളും സമ്മതിക്കുന്ന ഈ മന്ത്രം നമ്മോട് ഉപദേശിക്കുന്നതെന്താകുന്നു?

വ്യക്തിയുടെ നിലയിൽ, ഒരു മനുഷ്യൻ മറെറാരുമനുഷ്യനോടും, ഒരു മനുഷ്യൻ സമഷ്ടിയായ മനുഷ്യവർഗ്ഗത്തോടും- ഇങ്ങിനെ രണ്ടുനിലയുള്ള സാംസർഗ്ഗികബന്ധത്തെ ഈ മന്ത്രം ചൂണ്ടിക്കാണിക്കുന്നു; ഇങ്ങിനെ അത്യുത്തമങ്ങളായ രണ്ടുവലിയ തത്വങ്ങളെ ഈ മന്ത്രം ഉപദേശിക്കുന്നു. ഈശ്വരൻെറ കല്പിതശരീരത്തിൽ മനുഷ്യവർഗ്ഗത്തിനുള്ള ഐക്യത്തെ ഈ മന്ത്രം സ്ഥാപിക്കുന്നു;മനുഷ്യരിലുള്ളസാമത്ഥ്യം, ശക്തി,വൃത്തി, വശത തുടങ്ങിയ സ്വഭാവവിശേഷങ്ങളുടെ തരതമഭാവത്തെയും വ്യത്യാസവിരോധങ്ങളെയും ഇല്ലാതാക്കുന്നു. ഒരേസമഷ്ടിയുടെ പല വിഭാഗങ്ങൾ അന്യോന്യം നിലനിത്തുകയും രക്ഷിക്കയും സഹായിക്കയും പൂർണ്ണമാക്കുകയും സഹകരിക്കയും ചെയ്യേണ്ടതാണല്ലോ. ഒരേ ശരീരത്തിൻെറ ആണെങ്കിലും അവയവങ്ങൾ വേറേവേറേയാകയാൽ അവക്ക് ഓരോന്നിനും പ്രത്യേകം കമ്മങ്ങളും ബാദ്ധ്യതകളും ആണുള്ളത്. സാമാന്യമനുഷ്യവർഗ്ഗത്തെ വിട്ട്, പ്രത്യേകജനസമുദായത്തെ എടുക്കുന്നതായാലും ഈ മന്ത്രം സാമുദായികധമ്മങ്ങളുടെ പൂർണ്ണതക്ക് അടിസ്ഥാനമായിരിക്കുന്നുവെന്നു കാണാം. സവ്വസമുദായങ്ങളിലുമുള്ള പ്രത്യേകാവയവങ്ങൾ തമ്മിലുണ്ടാകേണ്ട അന്യോന്യാശ്രയത്തെയും സമഷ്ടിയോടുള്ള ഐക്യതയെയും പററി ഈ മന്ത്രം എത്ര ചമൽക്കാരത്തോടെ വിവരിക്കുന്നു!

'അഗസ്റ്റസ്സ് കോംടി'യുടെ കാലത്തിനിപ്പുറം മനുഷ്യവർഗ്ഗത്തിനുള്ള ഐക്യത്തെപ്പററി ഉപദേശിക്കുന്ന അനേകം മഹാന്മാർ ഉണ്ടായിട്ടുണ്ട്. സമഷ്ടിയായ മനുഷ്യലോകത്തെ ഒന്നായി ഈശ്വരസ്വരൂപമായി സങ്കല്പിച്ച് വർണ്ണിക്കുവാനുള്ള ബുദ്ധിസാമത്ഥ്യമോ പ്രതിഭാവിലാസമോ അവക്കാക്കും ഉണ്ടായിട്ടില്ല. സമുദായ തത്വരത്നങ്ങളുടെ ഖനിയായിവിളങ്ങുന്ന ആ മൂലമന്ത്രത്തെ നിരൂപിച്ച വിവൃദ്ധമായ ശിരസ്സിൽ സമുദായശാസ്ത്രബോധമില്ലെന്ന് ഏതൊരുമൂഢൻ വിചാരിക്കും! പ്രാചീനാര്യ

ന്മാക്ക് സാമുദായികതത്വം സവിശേഷംഅറിവുണ്ടായിരുന്നുവെന്ന് ഖണ്ഡമായി പറയുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്.

എന്നാൽ, സന്തോഷത്തിൻെറ മറുപുറമായ ദുഃഖത്തെയും നേരിട്ടല്ലെങ്കിലുംവേറൊരുപ്രകാരത്തിൽമേൽപ്രസ്താവിച്ചമന്ത്രം ഉണ്ടാക്കിത്തിക്കുന്നു. ഈ മന്ത്രത്തിലെ മനോമോഹനമായ കാഴ്ചയെകാണ്മാൻ ശക്തിയില്ലാത്ത ഒരു സംഘം തത്വത്തിനു തീരേവിരോധമായ ഒരു സമ്പ്രദായത്തെ ഏൎപ്പെടുത്തിക്കഴിഞ്ഞു. സ്വാൎത്ഥതപെരുത്ത ഒരു പുരോഹിതസംഘം നിഷ്ഠുരവും അപരിഷ്കൃതവും ദുഷ്ടവും നാശകൃത്തുമായ ജന്മനാജാതിവ്യത്യാസത്തെസൃഷ്ടിച്ച്, മനുഷ്യരെതമ്മിൽത്തമ്മിൽദൂരെ അകററിനിൎത്തി, മനുഷ്യർ തമ്മിലുള്ളഐക്യത്തെ പ്രസംഗിക്കുന്ന മന്ത്രംഅതിൻെ ഉദ്ദേശ്യത്തെ ചിരകാലം നിലനിൎത്തേണ്ടതിനു പകരം മനുഷ്യർ തമ്മിൽഅകൽച്ചയെ ഉണ്ടാക്കുമാറായതിന്, പുരോഹിതസംഘത്തിൻെറ അജ്ഞാനത്തെയോ നമ്മുടെ മന്ദഭാഗ്യത്തെയോ ഏതിനെയാണ് നിന്ദിക്കേണ്ടതെന്നറിയുന്നില്ല. മന്ത്രത്തിൻെറഗൂഢാൎത്ഥത്തെ ഗ്രഹിക്കാതെ അക്ഷരാൎത്ഥത്തെ അവർ എടുത്തിരിക്കാം. മുഖംകാലടിയായോ, കാലടി ബാഹുവായോ എങ്ങിനെ മാറുകയില്ലയോ, അവതമ്മിൽ എങ്ങിനെ സ്ഥിരമായ വ്യത്യാസമുണ്ടോ, അതുപോലേ ഈ നാലുവിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം സ്ഥിരമാണെന്ന് അവർ മനസ്സിലാക്കിയിരിക്കാം.

'ബ്രാഹ്മണോസ്യമുഖമാസീൽ' എന്ന യജുൎവ്വേദമന്ത്രത്തെ അതിനുമുമ്പിൽ പറഞ്ഞിട്ടുള്ള 'അരൂപിയും സൎവ്വവ്യാപിയുമായപരമാത്മാ' എന്നമന്ത്രത്തോട് ചേൎത്ത് അന്വയിച്ച അൎത്ഥം മനസ്സിലാക്കേണ്ടതാണ്. ആദ്യമന്ത്രപ്രകാരം ഈശ്വരൻ അരൂപിയാണെങ്കിൽ, പുരോഹിതാൎത്ഥപ്രകാരം മുഖവും മററുഭാഗങ്ങളും ഉണ്ടാകുന്നതെങ്ങിനെ? മുഖവും മററവയവങ്ങളും ഉണ്ടെങ്കിൽ അവൻ സൎവ്വവ്യാപിയാകുന്നതുമെങ്ങിനെ? സൎവ്വ

വ്യാപിയല്ലെങ്കിൽ ഈശ്വരത്വമെവിടെ? അതിനാൽ പുരൊഹിതാത്ഥംമന്ത്രങ്ങൾക്ക് പരസ്പരവിരോധമുണ്ടാകുന്നു. വിരോധം തീരേണമെങ്കിൽ താഴെപറയുംപ്രകാരമേ അത്ഥംഗ്രഹിക്കാവൂ. സവ്വപ്രധാനവും ഉത്തമവും സവ്വരെയും ഉപദെശിക്കുന്നതിന് ഉപയുക്തവും ആയ മുഖത്തിന് മനുഷ്യശരിരത്തിൽ എത്രപ്രാധാന്യമുണ്ടോ, പ്രപഞ്ചസമുദായശരിരത്തിൽ അത്രപ്രാധാന്യംവഹിക്കുന്ന ലോകൊപദേഷ്ടാക്കളായ പണ്ഡിതന്മാർ ബ്രാഹ്മണരാകുന്നു. മററുള്ളവരെക്കാൾ കയ്യൂക്കും കായബലവും നിയമജ്ഞാനവും വേദപാണ്ഡിത്യവും ഉള്ളവൻ ക്ഷത്രിയനാകുന്നു. സ്വദേശത്തും വിദേശത്തും ഊരുബലത്താൽനടന്ന് സവ്വവസ്തുക്കളെയും വ്യാപാരം ചെയ്യുന്നവനാകുന്നു വൈശ്യൻ. മൂഢനും, ദുർവൃത്തനും, സേവാവൃത്തിക്കുമാത്രം പററുന്നവനും ആയവൻശൂദ്രനാകുന്നു. ശതപഥബ്രാഹ്മണം ഈ അത്ഥത്തെ നല്ലവണ്ണം നിലനിത്തുന്നു. ശതപഥത്തിൽ ഒരിടത്ത് "ബാഹു" എന്നതിന് "വീയ്യവും സാമത്ഥ്യവും" എന്ന് അത്ഥമാണെന്നു പറയുന്നു. മറെറാരിടത്ത് "യസ്മാദേതേമുഖ്യാസ്തസ്മാന്മഖതാഹ്യസൃജ്യന്ത" എന്നുംപറയുന്നു. സമുദായത്തിൻെറ മുഖ്യാവയവമാകകൊണ്ട് ബ്രാഹ്മണർ ഈശ്വരൻെറ, അതായത് പ്രപഞ്ചസമഷ്ടിയുടെ മുഖത്തിൽനിന്ന് ജനിച്ചവരാണെന്ന് സങ്കല്പിക്കപ്പെടുന്നു. വേദമന്ത്രങ്ങളിലെ ശുദ്ധമായവിചാരം അങ്ങിനെയാണ്. മനുഷ്യവഗ്ഗത്തിന് ഉൽഗതിയുണ്ടാക്കുംവണ്ണം പൂണ്ണമായജ്ഞാനവും ഉത്തമമായസന്മാഗ്ഗനിഷ്ഠയും വൃത്തിഗുണവും തികഞ്ഞിരിക്കുന്നവർ ഈശ്വരസൃഷ്ടിയിൽ മുഖ്യന്മാരല്ലെന്ന് ഏതുമൂഢൻവിചാരിക്കും? അരൂപിയായ ഈശ്വരൻെറമുഖത്തിൽനിന്ന് ഉത്ഭവിച്ചവരായി വല്ലവരും ഉണ്ടെന്ന അസംബന്ധവാദത്തെ വന്ധ്യാസുതവിവാഹവാദ്യഘോഷമായിട്ടേ വിവേകമുള്ളവർ വിചാരിക്കയുള്ളു. കാരണലക്ഷണം കാൎയ്യത്തിൽ പ്രതിബിംബിച്ച് സവ്വവസ്തുക്കളിലും നിവ്വിശേഷമായി കാണുന്നതുകൊണ്ട്, ബ്രാഹ്മണൻെറസ്ഥാനം മുഖംമാത്രമാണെ

ങ്കിൽ, അവൻെറസ്വരൂപം വൃത്താകാരമായും ഉള്ളുപൊള്ളയായും വരേണ്ടതല്ലയൊ എന്നമഹർഷി ദയാനന്ദസരസ്വതി പരിഹാസമായി ചോദിക്കുന്നു. ബ്രാഹ്മണനും ശൂദ്രനുമെല്ലാം അമ്മയുടെ ഗർഭപാത്രത്തിൽ നിന്നാണല്ലൊ ബഹിഷ്കൃതന്മാരാകുന്നത്.

ജാതിവിഭാഗത്തിന് അടിസ്ഥാനമായി പ്രാചീനാർയ്യന്മാർ ഗണിച്ചുവന്നത് ചിലപ്രത്യേകജാതിക്കാരുടെ ജന്മത്തെയൊ വ്യക്തിയുടെ കുടുംബമാഹാത്മ്യത്തെയൊ അല്ലെന്നും വ്യക്തിയുടെ സ്വന്തംപാണ്ഡിത്യത്തെയും യോഗ്യതയേയും മാത്രമായിരുന്നുവെന്നും തെളിയിക്കുവാൻ അനേകം പ്രമാണങ്ങളുണ്ട്.

"ശൂദ്രോബ്രാഹ്മണതാമേതിബ്രാഹ്മണശ്ചൈതിശൂദ്രതാം
ക്ഷത്രിയാജ്ജാതമെവന്തുവിദ്യാദ്വൈശ്യാത്തഥൈവച".

മനുസ്മൃതി ൧൦-൬൫.

"ധർമ്മപ്രകാരമുള്ള ആചാരം താണജാതിയിൽ ജനിച്ചവനെ വലിയജാതിക്കുയർത്തുന്നു. അവൻ ഏതുജാതിക്കു ഉചിതനൊ അതിലെഅവയവമായി ഗണിക്കപ്പെടണം. അതെമാതിരി ദുരാചാരം വലിയജാതിയിലുള്ളവനെ താണജാതിയിലേക്ക് താഴ്ത്തുന്നു". ——— ആപസ്തംബസൂത്രം.

വിവിധവർണ്ണങ്ങളുടെ ലക്ഷണങ്ങളേയും ധർമ്മങ്ങളെയും മനുവിവരിക്കുന്നത് ഇങ്ങിനെയാണ്.

"അധ്യാപനമധ്യയനംയജനംയാജനംതഥാ
ദാനംപ്രതിഗ്രഹശ്ചൈവബ്രാഹ്മണാനാമകല്പയൽ"
"പ്രജാനാംരക്ഷണംദാനമിജ്യാധ്യായനമേവച
വിഷയെഷ്വപ്രസക്തിശ്ചക്ഷത്രിയസ്യസമാസതഃ"
"പശൂനാംരക്ഷണംദാനമിജ്യാധ്യായനമെവച
വണിക്പഥംകുസീതഞ്ചവൈശ്യസ്യകൃഷിരെവച"
"ഏകമെവതുശൂദ്രസ്യപ്രഭുഃകർമ്മസമാദിശൽ
ഏതെഷാമെവവർണ്ണാനാംശുശ്രൂഷാമനസൂയയാ"

ഹം, ഈ ധൎമ്മവചനങ്ങളിൽക്കൂടി പാഞ്ഞുകൊണ്ടിരിക്കുന്ന തത്വം എത്രക്ഷേമമായിരിക്കുന്നു! മററുള്ളവൎക്കുവേണ്ടി പ്രയത്നിക്കുക, സാമുദായിക ഐശ്വൎയ്യത്തെ വൎദ്ധിപ്പിക്കുക എന്നസാരമല്ലെ ഇവയിൽപ്രകാശിക്കുന്നത്? ബ്രാഹ്മണൻ വേദം പഠിക്കെണമെന്നു നിശ്ചയിച്ചിരിക്കുന്നത് അവൻെറ സ്വന്തം ഗുണത്തെമാത്രം ഉദ്ദേശിച്ചിട്ടല്ല. മററുള്ളവൎക്ക് ഉപദേശിക്കുക എന്ന ശുദ്ധമായ സമുദായധൎമ്മം നടത്തുവാനാകുന്നു. ഇതുപോലെതന്നെ, ക്ഷത്രിയൻെറധൎമ്മം സൎവ്വജനങ്ങളെയും സംരക്ഷിക്കുകയാകുന്നു. സാമുദായികസഭകളും ജാതീയസംഘങ്ങളും മനുവിൻെറ ഈ നിയമങ്ങളെ ഒന്നുനല്ലവണ്ണം പഠിക്കെണ്ടതാകുന്നു. നാലുവൎണ്ണങ്ങളിലൊരൊന്നും തനിക്കുവെണ്ടിയൊ സ്വജാതിക്കാൎക്കുവെണ്ടിയൊ മാത്രം പ്രയത്നിക്കേണ്ടതാണെന്ന് ഈനിയമങ്ങളിൽ എവിടെയെങ്കിലുംസ്ഫുരിക്കുന്നുണ്ടൊ? ബ്രാഹ്മണൻെറധൎമ്മം സൎവ്വരെയും പഠിപ്പിക്കുകയെന്നും ക്ഷത്രിയൻെറത് സൎവ്വരെയുംസംരക്ഷിക്കുകയും, അതുപോലെ, വൈശ്യൻെറധൎമ്മം സൎവ്വരുടെയും ഉപയോഗത്തിന്നായി കൃഷി കച്ചവടങ്ങൾ ചെയ്കയുംശൂദ്രൻെറത് സൎവ്വരെയും ശുശ്രൂഷിക്കയെന്നുമാകുന്നു.

ജഗന്നാഥമാഹാത്മ്യം.

1 പുരാ, ജഗന്നാഥപുരീരഥോത്സവം
നിരീക്ഷണംചെയ്തുകൃതാൎത്ഥയാകുവാൻ
ഒരാളുമില്ലാതൊരുനൊണ്ടിവൃദ്ധയാം
പറമ്പിയുംഹന്ത!ഗമിച്ചിരുന്നുപൊൽ.

2 ശരിക്കരക്കാതമിഴഞ്ഞുചെല്ലുവാൻ
ഞെരുങ്ങിടുന്നുണ്ടൊരുനാളിലായവൾ
പെരുത്തുദൂരംവഴിയേവമെത്തുവാൻ
ഉറച്ചൊരുമ്പെട്ടതുരത്നസാഹസം.

3 പരസ്പരാസംസ്കൃതരാം*പ്പുരിക്കളെപൊ
യിരുന്നു,സാനന്ദമസംഖ്യമാളുകൾ;
തിരിഞ്ഞുനൊക്കാതെതിരിക്കമജ്ജന-
ത്തിരക്കി,ലീവൃദ്ധഗമിപ്പതെങ്ങിനെ?

4 ഒട്ടുക്ക,മത്തെരിന്നുരണ്ടുനാളുമു-
മ്പെട്ടുംദിനംഭാസ്കരനസ്തമിക്കവെ
കടാക(Katak)രാജ്യത്തിനടുക്കലെത്തിനാൾ
നടന്നുവല്ലാതെവലഞ്ഞുലഞ്ഞവൾ.

5 "വിറച്ചുവീഴുംപടിവൃദ്ധയായനീ,
തിരിപ്പതെങ്ങൊട്ടുമടന്തുകാലിനാൽ?"
ഞെരുങ്ങൽകണ്ടീവിധമങ്ങുപാന്ഥനാ-
മൊരാളുചോദിച്ചതിനൊതിനാളവൾ.

6 "പുരാണപുണ്യംപുലരുംപുരിക്കത-
ന്നുരാക്കൾമൌലെ!വിടകൊൾകയാണിവൾ;
മുരാരിയെത്തേരിലിരുന്നുകാണുവാ-
നൊരാശയുണ്ടീയടിയന്നുമാനസെ"

7 ചിരിച്ചുചൊന്നാൻവഴിപോക്കൻ"നങ്ങുതേ
രിറക്കൽനാളെപ്പുലരുമ്പൊഴാൺ,നീ
ശരിക്കതിന്നെങ്ങിനെയെത്തു?"മെന്നുകേ-
ട്ടുരച്ചിതൊട്ടൊന്നുകയത്തപോലവൾ.

8 "ചിരിച്ചതെന്തി,ത്രസുദ്ദൂരമാൎഗ്ഗമാ-
പ്പുരിക്കചെൽവാനിനിയുംകിടപ്പതൊ?
ഒരിക്കലുംനാളെയുഷസ്സിലുത്സവം
വരില്ലെ;നിക്കായതിനെത്തിടേണ്ടയൊ?

9 ഇത്തുംപറഞ്ഞദ്ദിശിരാത്രിപൊക്കി,യാ-
മുത്തുക്കികാലത്തെഴുനീറ്റപോകുവാൻ
പത്തുക്കയുംവസ്ഥനടക്കവാനവൾ
കത്തുച്ചരമാംനോവിരുകാൽക്കമേൽക്കയാൽ.

* ജഗന്നാഥത്തിന്ന് പുരിഎന്നുംപേരുണ്ട്

10 കഴൽക്കവൻവെദനപൂണ്ടുകഷ്ടമെ!
കുഴക്കിലായാലുമൊഴിച്ചിടാതവൻ
തഴച്ചഭക്ത്യാ,ഭഗവൽപദാബ്ജമോ-
ത്തിഴഞ്ഞിഴഞ്ഞങ്ങുനടന്നുമെല്ലവെ.
11 ഇതിന്നിടക്ക,പ്പുരിയിൽജനാരവം
മുതിൎന്നു,തെരിന്നുമുഹൂൎത്തനേരമായ്
ശ്രുതിസ്വരൂപൻ,വിഭൂഷിതാംഗനായ്
ദ്ധൃതിസ്സ്വരത്താകിയതെരിലേറിനാൻ.
12 ഇതെന്തൊരാപത്തിതുപൊലെപണ്ടുക-
ണ്ടതില്ലതേരെന്തിളകാത്തതിങ്ങിനെ!
അതന്ദ്രരൊത്തെത്രജനംവലിക്കിലും
തതാഭമാംവീഥിനിരപ്പിലാകിലും.
13 കരിവ്രജംവന്നുവലിക്കിലുംരഥം
തരിമ്പുമന്നാളിളകാതെനിൽക്കയാൽ
പരിഭ്രമിച്ചാളുകളമ്പരക്കയായ്
വരിഷ്ഠനാംപൂജകനേററമാൎത്തനായ്.
14 വിറച്ചുമെയ്യാകെവിയൎത്തുകണ്ണുനീർ-
നിറച്ചവൻചെന്നുനടക്കൽവീണുടൻ
കുറച്ചുറഞ്ഞങ്ങുകിടന്നവാറു,താ-
നുറച്ചുകണ്ടൂഹൃദിതത്വമൊക്കയും.
15 തടിച്ചഭക്തിക്കയറിട്ടൊരാളിതാ,
പിടിച്ചുപിന്നോട്ടുവലിച്ചിടുന്നുതെർ,
പെടിച്ചുപാട'പ്പടിചെയ്കിലുംചലി-
ച്ചിടില്ലിതായാൽപിടിവിട്ടിടാതഹൊ!
16 ഇതാണവന്നുള്ളിലുദിച്ചതത്വമാ-
യതാകെയോതീടുവതിന്നുമുന്നമെ,
ദ്രുതംതദന്വേഷവിധിക്കിറങ്ങിനാ-
രതന്ദ്രരാംപൂജകർനാലുദിക്കിലും.

17 വരുന്നുകൌപീനകമാത്രവസ്ത്രരായ്
പെരുത്തുനാമാവലിപൂണ്ടവൈഷ്ണവർ;
നിരഘപുണ്യവ്രതരാരണേന്ദ്രരെ-
ന്തൊ!രല്പവുംതേരിവരാരനക്കിട്ടും?

18 അടുക്കെയുംദൂരെയുമൊക്കവെ,ജനം
നടന്നുനൊക്കുമ്പൊഴതീവദൂരെയായ്,
മുടന്തിയുംകൊണ്ടൊരുമുത്തിവന്നണ-
ഞ്ഞിടുന്നതായ്ക്കണ്ടിതുപൂജകോത്തമൻ.

19 "ഇഴഞ്ഞിഴഞ്ഞിങ്ങിനെപോവതെങ്ങു?കൺ-
മിഴിച്ചിടാമൊ!വെയിലത്രദുസ്സഹം!
കഴച്ചതില്ലേതവകാൽ?വിയപ്പിതാ
വഴിഞ്ഞിടുന്നൂവദനത്തിലേററവും.

20 "ഇരന്നിടാനൊതവയാത്ര?ഞാനിതാ-
തരാംപണം,നീയിനിയിത്തണപ്പിലായ്
കുറച്ചിരുന്നീശ്രമമാററ"കെന്നവൻ
പറഞ്ഞനേരത്തവളേവമോതിനാൾ.

21 "പണംകൊതിച്ചല്ലടിയൻവരുന്നു,തെ-
ത്തണംപുരിക്കു,സവസേവനത്തിനായ്,
പ്രണതപാലൻഭഗവാനെയങ്ങുതേ-
രണഞ്ഞുകാണുംസുമുഹൂർത്തമേതുവാൻ?"

22 ഉറച്ചിടുംഭക്തിയൊടേവമോതുമാ-
പ്പുറച്ചിയെത്തോളിലെടുത്തുപൂജകൻ,
നിറഞ്ഞഹർഷാശ്രുപൊഴിച്ചുകൊണ്ടുടൻ
പറന്നിടുംപോലെപുരി'ക്കുപാഞ്ഞുതെ.

23 "കൊടുംമഹാപാപമിതി,ശപാകിയോ-
ടടുത്തുതീണ്ടൊല്ലൊരുനീചയാണിവൾ"
ഇടച്ചുപൂണ്ടേവമുരച്ചവൃദ്ധയോ-
ടുടൻകഥിച്ചാൻഭഗവൽപദാച്ചകൻ.

24 ഗുരൂത്തമക്കുംഗുരുവാകുമങ്ങയെ-
പ്രരൂഢഭക്ത്യാസതി!കൈതൊഴുന്നുഞാൻ;
നിരർത്ഥമായുള്ളൊരുജാതിഭേദമേ-
തൊരുത്തനോക്കുംപരമാത്മവിജ്ഞരിൽ.

25. മുരദ്വിഷത്തേരുചുഴന്നെഴുംജനോൽ-
ക്കരംവിളിച്ചാർത്തുരചെയ്തിതീവിധം
"വരുന്നുമേശ്ശാന്തിമുടന്തയായിട്ട
ന്നൊരുത്തിയെത്തോളിലെടുത്തുകൊണ്ടിതാ!".

26. ഉറച്ചുനിന്നീടിനതേർനടന്നിതാ-
പ്പറച്ചിതാൻചെന്നഥതൊട്ടമാത്രയിൽ
നിറഞ്ഞഹർഷാത്ഭുതഭക്തിനീക്കെ-
ത്തിരഞ്ഞിമുങ്ങിക്കളിയാടികാണികൾ.

27 ഒന്നായ് ച്ചേർന്നുജനങ്ങളങ്ങുഭഗവൽ-
സ്തോത്രങ്ങൾഘോഷിച്ചക-
ത്തുന്നുംഭക്തിയൊടച്യുതൻെറചരണാം-
ഭോജംപണിഞ്ഞീടിനാർ
ഒന്നാണിന്നറിയേണ്ടതിക്കഥയിൽനി-
ന്നീദ്ധ്യാനമൌനാദികൊ
ണ്ടൊന്നുംമുക്തിലഭിക്കയില്ലനഘയാം
ഭക്തിക്കുതാൻപ്രാഭവം.

28 പാപിരെഴിനുമീശനാകിയഹൃഷീ-
കേശൻെറപാദങ്ങളിൽ
പ്പാരംഭക്തിമുഴുക്കയാലൊരുവെറം
സാധുപ്പറച്ചിക്കുമെ
തീരാറായിതുപാപമാസകലവും; സച്ചിൽ-
സ്വരൂപംപദം
ചേരാനുംവഴിയായ് നിരാമയപദം
ഭക്ത്യാഭജിച്ചീടുവിൻ!.

[ഈ കഥ Hindoo Review എന്ന ഇംഗ്ലീഷമാസികയിൽ ഉള്ളതാകുന്നു]

വിഷയാനന്ദപ്രകരണം

യം. കെ. വെങ്കിടേശ്വരയ്യർ. ബി. ഏ. ബി. എൽ.

(28-ാം ഭാഗത്തിൽനിന്ന തുടച്ച)

25. ഏവംസ്ഥിതെത്രയൊബ്രഹ്മ ധ്യാതുമിച്ഛേൽപുമാനസൌ
നൃശൃംഗാഭിമുപെക്ഷേത ശിഷ്ടംധ്യായേൽയഥായഥാ.

ഏവം=ഇപ്രകാരം. സ്ഥിതെ=ഇരിക്കുമ്പോൾ. അത്ര=ഈ ജീവകാലത്തിൽ. യഃ=യാതൊരു. പുമാൻ=മനുഷ്യൻ. ബ്രഹ്മ=ബ്രഹ്മസ്വരൂപത്തെ. ധ്യാതും=ധ്യാനിപ്പാൻ. ഇച്ഛെൽ=ആഗ്രഹിക്കുന്നുവൊ, അസൌ=അവൻ. നൃശൃംഗാഭിം=മനുഷ്യന്റെ കൊമ്പ മുതലായവ-ഇല്ലാത്തതിനെഉണ്ടെന്നും, ഉള്ളതിനെ തെററായും ധരിക്കുന്നതും തെററായ ധാരണയെ മാററാതിരിക്കുന്നതും ശരിയായ ജ്ഞാനം ഉണ്ടായിട്ടും അനുഷ്ഠാനം ഇല്ലാതിരിക്കുന്നതും. ഉപേക്ഷത = ഉപേക്ഷിക്കണം ശിഷ്ടം=ബാക്കിയെ യഥായഥാ= വേണ്ടപോലെ ധ്യായേൽ= ധ്യാനിക്കണം.

യഥാൎത്ഥസ്ഥിതി മുമ്പ പറഞ്ഞപ്രകാരമായതിനാൽ ഒരു മനുഷ്യന്ന ജീവകാലത്തിൽ ബ്രഹ്മാനന്ദത്തെ അനുഭവിക്കത്തക്ക ജീവൻമുക്തിസ്ഥിതി ലഭിക്കേണമെങ്കിൽ താൽക്കാലികങ്ങളായ സുഖത്തെ ഉപേക്ഷിച്ച എന്നെന്നേക്കും ആനന്ദം ലഭിക്കത്തക്ക മാൎഗ്ഗത്തെ ആലോചിച്ചും, പഠിച്ചും അറിഞ്ഞ അതുപ്രകാരം അനുഷ്ഠാനം ചെയ്യുതന്നെ അനന്ത കല്യാണഗുണസ്വഭാവനായി തെററിധാരണയേയും, മന്ദബുദ്ധിയേയും കളയേണ്ടതാകുന്നു. നിദ്രാ, ആലസ്യം, മൂഢതാ, കാമം, ക്രോധം മുതലായവയെ നശിപ്പിച്ച് വൈരാഗ്യം, ക്ഷാന്തി, ഔദാൎയ്യംമുതലായ ഗുണങ്ങളെ സമ്പാദിച്ച് ആ സ്വഭാവം വരുത്തേണമെന്ന അൎത്ഥം.

26. ശിലാദൌനാമത്രപേദെച ത്യക്തസ്വാസന്മാത്രചിന്തനം
ത്യക്തസ്വാദുഃഖംഘോരമൂഢ ധിയൊഃസൽചിൽവിചിന്തനം

ശിലാദൌ=കല്ലു മുതലായതുകളിൽ. നാമരൂപെ=പേരും സ്വരൂപവും. ദ്വെ=രണ്ടും. ത്യക്ത്വാ=വിട്ടു. (തൽക്കാലം തോന്നുന്നത മാത്രമല്ലാതെസ്ഥിരമല്ലെന്നമനസ്സിലാക്കി)സന്മാത്രചിന്തനം=ബ്രഹ്മത്തിന്റെ. സദവസ്ഥമാത്രം സ്ഫുരിച്ചിരിക്കുന്നു എന്ന ഗ്രഹിക്കൽ. ഘോരമൂഢധിയോഃ=ഘോരമൂഢവൃത്തികളിൽ-മടി, വിസ്മിതത്വം, ഉറക്കം, കാമം, ക്രോധം ഇതുകളിൽ ദുഃഖം=സങ്കടം. ത്യക്ത്വാ=വിട്ടു. (തൽക്കാലം തോന്നുന്നതാണെന്നും ആ അവസ്ഥകളെ ഭേദപ്പെടുത്തി സാത്വികമാക്കി മാറ്റിയാൽ സുഖമുണ്ടാകുമെന്നും ഗ്രഹിച്ചു) സൽചിൽവിചിന്തനം=സത്തും ചിത്തും സ്ഫുരിച്ചിരിക്കുന്നു എന്ന ഗ്രഹിക്കൽ. ബ്രഹ്മത്തിന്റെ ആനന്ദാവസ്ഥ ഒഴിച്ചു ശേഷം രണ്ടു അവസ്ഥയും സ്ഫുരിച്ചിരിക്കുന്നു എന്ന മനസ്സിലാക്കൽ.

മുമ്പ ബാക്കിയെ ഗ്രഹിക്കേണമെന്ന പറഞ്ഞതിന്റെ അൎത്ഥം വെളിപ്പെടുത്തുന്നു. ബ്രഹ്മം എല്ലാററിലും സ്ഫുരിക്കുന്നതായാലും ഓരോത ടസ്ഥംകൊണ്ടു അതിന്റെ എല്ലാ അവസ്ഥയും എല്ലാററിലും സ്ഫുരിക്കുന്നില്ല. കല്ല്, മണ്ണ്, മുതലായതുകളിൽ അതിന്റെ സദവസ്ഥ മാത്രമെ സ്ഫുരിക്കുന്നുള്ളു. എന്നാൽ അതുകളിലും പേരും രൂപവും ബ്രഹ്മമല്ല. അവകൾ മാറിമാറിക്കൊണ്ടിരിക്കുന്നതുകൊണ്ട് സ്വപ്നദൃഷ്ട പദാൎത്ഥങ്ങൾപൊലെ മിത്ഥ്യാഭൂതങ്ങളാകുന്നു.

എന്നാൽ അതുകളിലുംബ്രഹ്മസ്ഫൂൎത്തി ഉണ്ട്. അതസദവസ്ഥയാണ്. മേപ്പടിപദാൎത്ഥങ്ങളുടെ സ്വരൂപവും പേരും മാറിയാലും ആവസ്ഥ എപ്പോഴും ഉണ്ടെന്നുള്ള അവസ്ഥയെ-സദവസ്ഥയെ വിടുന്നില്ല. ബ്രഹ്മത്തിന്റെ സദവസ്ഥയിൽ ഈ നാമരൂപങ്ങളെ ചരട്ടിൽ മണികോക്കുംപോലെ കോൎത്തിരിക്കയാണ്. ആ അവസ്ഥകൾ യഥാൎത്ഥത്തിൽ തോന്നൽ മാത്രമാകയാൽകല്പിതങ്ങളുമാണ്. അതുകൊണ്ട് ശിലാദികളിൽ വ്യാപിച്ചസദാവസ്ഥമാത്രം ബ്രഹ്മമാണെന്ന മനസ്സിലാക്കേണ്ടതാണ. അതുപോലെ ഘോരമൂഢവൃത്തികളോടുകൂടി മനുഷ്യന്റെ മന

സ്സിൽ ബ്രഹ്മത്തിൻെറ രണ്ടവസ്ഥ വെളിപ്പെട്ടിട്ടുണ്ട. സദവസ്ഥയും, ചിദവസ്ഥയും അതുകളിൽ വെളിപ്പെടുമ്പോഴും മനസ്സിലുള്ള കന്മഷംകൊണ്ട ആനന്ദം മാത്രം തടസ്ഥപ്പെട്ടിരിക്കും. അതുകൊണ്ട മനുഷ്യൻെറ സൂക്ഷ്മശരീരസംബന്ധമായ മനോവികാരങ്ങളിൽ ബ്രഹ്മത്തിൻെറ സൽ, ചിൽ എന്നവസ്ഥകളുടെസ്ഫൂൎത്തികളെമാത്രം ഗ്രഹിക്കേണ്ടതാണ്. അതുകളിലുണ്ടാകുന്ന ദുഃഖം താൽക്കാലികമാണ്. മനോവികാരങ്ങളുടെ മൂഢസ്വഭാവം ഘോരമായി മാറി നിഗ്രഹത്താൽ ശാന്തമായാൽആനന്ദവും സ്ഫുരിക്കുന്നതാണ്. (തുടരും)

മഹാകവി

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്. 1

പി. വി. കൃഷ്ണവാരിയർ.

പാരമ്പൎയ്യത്തിന്നു പ്രത്യേകം ഒരു മാഹാത്മ്യമുണ്ടെന്നു ദൃഷ്ടാന്തപ്പെടുത്തുവാൻ ഈ മഹാകവിയുടെ ജീവചരിത്രം മതിയായ ഒരു ലക്ഷ്യമാകുന്നു. ആധുനിക ഭാഷാകവികൾക്ക് ഒരു മാൎഗ്ഗദൎശിയായി സ്മരിക്കപ്പെട്ടുവരുന്ന വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലെ "പേർ കേൾക്കാതെയും അദ്ദേഹത്തിൻെറ ഒരു ശ്ലോകമെങ്കിലും തോന്നാതെയും അക്ഷരജ്ഞാനമുള്ള മലയാളികളുടെ കൂട്ടത്തിൽ ആരും" ഉണ്ടെന്നുതോന്നുന്നില്ല. ആ മഹാത്മാവിന്നു ബ്രാഹ്മണപത്നിയിലുണ്ടായ ഏകസന്തതിയാകുന്നു പ്രസിദ്ധനായ വെണ്മണിമഹൻനമ്പൂതിരിപ്പാട്. അതുപോലെ, കൊടുങ്ങല്ലൂർ കോവിലകത്തു കുഞ്ഞിപ്പിള്ളത്തമ്പുരാൻ 2 എന്ന ഇപ്പൊഴത്തെ അമ്മത്തമ്പുരാൻ തിരുമനസ്സിലെ, അച്ഛൻ നമ്പൂതിരിപ്പാട തൻെറ ക്ഷത്രിയപത്നിയായി സ്വീകരിച്ചതിലുണ്ടായ പ്രഥമസന്താനമാകുന്നു നമ്മുടെ ചരിത്രനായകൻ.

---

1 പകൎപ്പവകാശം.

2 തെക്കൻദിക്കിൽ രാജസ്ത്രീകൾക്കും പുരുഷന്മാരെപോലെതന്നെ 'തമ്പുരാൻ' എന്നാണുപറയുമാറുള്ളത്.

ഈ രണ്ടുമക്കളിലും അച്ഛൻെറ കവിതാവാസന ഒരുപോലെ പ്രതിഫലിച്ചതാലോചിക്കുമ്പോൾ പാരമ്പയ്യത്തിന്നു പ്രത്യേകം ഒരു ശക്തിയുണ്ടെന്നു സമ്മതിക്കാതെ കഴിയില്ലല്ലൊ.

അമ്മയുടെ പാരമ്പയ്യം നോക്കിയാലും നമ്മുടെ കഥാനായകനു വലിയൊരു യോഗ്യതസിദ്ധിക്കാൻ തന്നെയാണ് അവകാശമുള്ളത്. അനവധികാലമായി വൈദുഷ്യത്തിന്നും കവിത്വത്തിന്നും പ്രത്യേകം പ്രസിദ്ധപ്പെട്ടതാണല്ലൊ കൊടുങ്ങല്ലൂർ രാജവംശം. അവിടെ ജനിക്കുന്നവരെല്ലാം ഏറക്കുറെ പണ്ഡിതന്മാരും പ്രസിദ്ധന്മാരുമായിത്തീരുമെന്നുള്ളത് ഇന്നും കണ്ടുവരുന്ന ഒരു സംഗതിയാണ്. എത്രയും പ്രശസ്തവും പ്രസിദ്ധവുമായ ഒരു രാജവംശത്തിലെ അസാമാന്യഗുണങ്ങളോടുകൂടിയ ഒരു വനിതാരത്നമാകുന്നു കുഞ്ഞിപ്പിള്ളത്തമ്പുരാൻ. നമ്മുടെ കഥാനായകൻ അവിടുത്തെ സീമന്തപുത്രനാകയാൽ മാതൃപാരമ്പയ്യത്തിലും ഇവിടേയ്ക്കു വിശേഷിച്ചൊരു യോഗ്യതയ്ക്കവകാശമുണ്ടെന്നു സ്പഷ്ടമായല്ലൊ.

കുഞ്ഞിപ്പിള്ളത്തമ്പുരാനെ ചെറുപ്പത്തിൽതന്നെ നമ്പൂതിരപ്പാടു ഭായ്യയായി സ്വീകരിച്ചു. എങ്കിലും വളരെക്കാലത്തേക്ക് അവൎക്ക് ഒരു ഉണ്ണിയുണ്ടായിക്കാണ്മാനുള്ള ഭാഗ്യംസിദ്ധിച്ചില്ല. അവിടുന്നു പ്രസവിക്കുമൊ എന്നുകൂടി പലൎക്കും സംശയമായി. അങ്ങിനെ പ്രസവത്തിന്നുള്ള കാലം അതിക്രമിച്ചുതുടങ്ങിയതോടുകൂടി അമ്മത്തമ്പുരാൻ പരദേവതയായ കൊടുങ്ങല്ലൂർഭഗവതിയെ പ്രത്യേകം ഭക്തിവിശ്വാസത്തോടുകൂടി ഭജിക്കുകയും, വളരെ ചിലവുള്ള ഓരൊ വഴിവാടുകൾ കഴിക്കുകയും ചെയ്തുതുടങ്ങി. ഈ കൂട്ടത്തിൽതന്നെ തിരുവഞ്ചിക്കുളം മുതലായ മററുപല മഹാക്ഷേത്രങ്ങളിലുംപോയി ഭജിക്കുകയും, അനേകം വഴിവാടുകൾ കഴിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ ബ്രാഹ്മണപ്രീതിക്കായി വളരെപണം ചിലവുചെയ്തു ത്രിസന്ധ്യമുതലായ അനേകം സൽക്കമ്മങ്ങളും ചെയ്തുകൊണ്ടിരുന്നു. അതിൻെറയെല്ലാം ഫലമായി കുഞ്ഞിപ്പിള്ളത്തമ്പുരാൻ 29-ാം

വയസ്സിൽ ഗർഭംധരിക്കുകയും, 1040 കന്നി 4-ാംനു നമ്മുടെ ചരിത്രനായകൻ ജനിക്കുകയുംചെയ്തു. ഇങ്ങിനെ ഭഗവതിയുടെ കടാക്ഷവും, മഹാബ്രാഹ്മണരുടെ അനുഗ്രഹവുംനിമിത്തം ജനിച്ച പുരുഷൻ ഒരു 'കടാക്ഷവിദ്വാനൊ' 'അനുഗ്രഹകവി'യൊ ആയിത്തീൎന്നതിൽ അശേഷം അത്ഭുതമില്ലല്ലൊ.

നമ്മുടെ കഥാനായകൻെറ സാക്ഷാൽ പേർ 'രാമവൎമ്മ' എന്നായിരുന്നു. 'കുഞ്ഞിക്കുട്ടൻ' എന്നുള്ളത് ഒരു ഓമനപ്പേരാണ്. ഇതുതന്നെ ലോപിച്ചിട്ടൊ എന്തൊ 'കുഞ്ഞൻതമ്പുരാൻ' എന്നുകൂടി ഇവിടുത്തെ വിളിച്ചിരുന്നതായി കവിതയിലും മററും കാണുന്നുണ്ട്. ഏതായാലും സാഹിത്യലോകത്തിൽ ശാശ്വതമായിരിക്കുന്ന പേർ 'കുഞ്ഞിക്കുട്ടൻതമ്പുരാൻ' എന്നുതന്നെയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

തമ്പുരാനു ബാല്യത്തിൽ പറയത്തക്ക കഷ്ടാരിഷ്ടങ്ങളൊന്നും ഉണ്ടായതായി കേട്ടിട്ടില്ല. അഞ്ചാം വയസ്സിൽ സാധാരണപോലെ ഇവിടുത്തെ എഴുത്തിനുവെച്ചു. കുലഗുരുവായ വളപ്പിൽ ഉണ്ണി ആശാൻ തന്നെയാണ് അക്ഷരാഭ്യാസം നടത്തിയത്. വളരെക്കാലം മോഹിച്ചുണ്ടായ ഒരു ഉണ്ണിയാകയാൽവിദ്യാഭ്യാസത്തിനുപോലും രാമവൎമ്മനെ കോവിലകത്തുനിന്നു പുറത്തേക്കയക്കാൻ അമ്മത്തമ്പുരാനു വിശ്വാസമുണ്ടായിരുന്നില്ല. അതുനിമിത്തം പാഠങ്ങളൊക്കെ സ്വന്തംമേലന്വേഷണത്തിൽ അവിടുത്തെ അടുക്കൽവെച്ചുതന്നെയാണ് നടത്തിയത്. അമ്മയുടെ അന്നത്തെ നിഷ്കൎഷയാണ് തനിക്കുണ്ടായിട്ടുള്ള സകല ശ്രേയസ്സിന്നും കാരണമെന്നു തമ്പുരാൻ പലതവണയും പറയുകയുണ്ടായിട്ടുണ്ട്. രഘുവംശം, മാഘം മുതലായ ചില കാവ്യങ്ങൾ അമ്മാമനായ ഗോദവൎമ്മൻ എന്ന മൂന്നാം രാജാവവർകളുടെ അടുക്കൽ പഠിച്ചു. അവിടുന്ന് 1049-ൽ അന്തരിച്ചുപോയശേഷം പിന്നെ പഠിച്ചതെല്ലാം കൊടുങ്ങല്ലൂർ കോവിലകത്ത് ഇപ്പോൾ മൂന്നാം രാജാവായിരിക്കുന്ന വിദ്വാൻ കുഞ്ഞിരാമവൎമ്മതമ്പുരാനവർകളുടെ അടുക്കലായിരുന്നു. 'സ്യമന്തകം'

നാടകത്തിൽ "അമ്മാമനും ഗുരുവുമായ കുഞ്ഞുരാമവമ്മാവനീപതി" എന്ന് ഈ കവിതന്നെ പ്രസ്താവിച്ചു കാണുന്നതുകൊണ്ടു പ്രധാനഗുരു അവിടുന്നുതന്നെയാണെന്നു തീച്ചയായെല്ലൊ. കുഞ്ഞിരാമവമ്മതമ്പുരാനവർകൾക്ക് എല്ലാ ശാസ്ത്രത്തിലും വെച്ചു വ്യാകരണത്തിലാണ് അധികം വൈദുഷ്യമുള്ളത്. അതുകൊണ്ടു നമ്മുടെ കഥാനായകനും പ്രത്യേകം പരിശ്രമിച്ചിട്ടുള്ളതു വ്യാകരണത്തിൽതന്നെയായിരുന്നു. കൌമുദി, മനോരമ, ശേഖരം മുതലായ പലെ വ്യാകരണഗ്രന്ഥങ്ങളും തമ്പുരാൻവളരെ നിഷ്കർഷിച്ചു പഠിച്ചിട്ടുണ്ട്. ഇതോടുകൂടി മററു ശാസ്ത്രങ്ങളിലും അവസ്ഥാനുസരണം ശ്രദ്ധവെക്കാതിരുന്നിട്ടില്ല. തക്കം, അലങ്കാരം മുതലായ സകല ശാസ്ത്രങ്ങളും അതാതു വിഷയത്തിൽ പ്രത്യേക പാണ്ഡിത്യമുള്ള ഓരൊ വിദ്വാന്മാരുടെ അടുക്കൽ പഠിക്കുകയും, വേണ്ടുന്ന പാണ്ഡിത്യമെല്ലാം സമ്പാദിക്കുകയും ചെയ്തിരുന്നു. തക്കത്തിൽ മുക്താവലിവരെ പഠിച്ചതു കുഞ്ഞൻ തമ്പുരാനവർകളുടെ അടുക്കലായിരുന്നു. പിന്നെ വ്യുല്പത്തിവാദംവരെ ഉപരി ഗ്രന്ഥങ്ങൾ പഠിച്ചിട്ടുള്ളതു, വലിയൊരു താക്കികനായിരുന്ന ശംഗോപാചാൎയ്യരുടെ അടുക്കലാണ്. ജ്യോതിശ്ശാസ്ത്രത്തിൽ തമ്പുരാന്റെ പ്രധാനഗുരുഭൂതൻ വലിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ. എന്നാൽ ഗണിതത്തിൽ പഞ്ചബോധംവരെ ക്രിയ ചെയ്യാറാക്കിയത് അവിടുത്തെ മുത്തശ്ശിയായിരുന്ന ഇളയമ്മതമ്പുരാനെന്ന കൊച്ചുതമ്പുരാട്ടി അവർകളായിരുന്നു. ഇങ്ങിനെ ഓരൊ ശാസ്ത്രങ്ങളും അതാതിൽ പ്രത്യേകം പാണ്ഡിത്യവും പരിചയവുമുള്ള ഓരൊ വിദ്വാന്മാരുടെ അടുക്കൽ പഠിച്ച് ഉപനയനം കാലമായപ്പൊഴക്കുതന്നെ തമ്പുരാൻ വേണ്ടത്തക്ക വൈദുഷ്യമൊക്കെ സമ്പാദിച്ചുകഴിഞ്ഞു.

ഉപനയിച്ചിരിക്കുന്ന കാലത്തും അവിടേയ്ക്കു അനദ്ധ്യായമുണ്ടായിരുന്നില്ല. ക്ഷത്രിയക്കു വേണ്ടുന്ന വൈദികവിഷയങ്ങ

ളെല്ലാം അന്നു നല്ലവണ്ണം പഠിക്കുകയും, യഥാവസരം ഓരൊ ശാസ്ത്രങ്ങളിൽ പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങിനെ സ്വതെയുള്ള ബുദ്ധിശക്തിയാലും, അശ്രാന്തപരിശ്രമം ചെയ്തുവന്നതുകൊണ്ടും, സമാവൎത്തനം കാലമായപ്പോഴെക്കു തമ്പുരാൻ തിരുമനസ്സുകൊണ്ട് 'സൎവ്വതന്ത്രസ്വതന്ത്ര'നായിത്തീരുകയും ചെയ്തു.

ഉപനയനത്തിന്നു ശേഷം തമ്പുരാൻ തിരുമനസ്സുകൊണ്ട്, കൊടുങ്ങല്ലൂർ രാജാക്കന്മാൎക്കു പതിവുള്ളതുപോലെ, കുലപരദേവതയായ ഭഗവതിയെ മൂന്നുകൊല്ലം ഭജിച്ചു. എന്നാൽ ഇവിടത്തെ ഭജനം സാധാരണപോലെ ഒന്നുമല്ലായിരുന്നു. കഠിനനിഷ്ഠയോടുകൂടിയാണ് അവിടന്നു ഭജിച്ചതെന്നു കേട്ടിട്ടുണ്ട്. ഏതായാലും ഭജനം കഴിഞ്ഞതോടുകൂടി "കളകരുണകളിക്കുന്ന കാളീകടാക്ഷം" ഇവിടത്തെ പേരിൽ പ്രത്യേകം ഉണ്ടായിട്ടുണ്ടെന്ന് ഉടനെസിദ്ധിച്ച കവിയശസ്സുകൊണ്ടുതന്നെ തീൎച്ചയാക്കാമല്ലൊ.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് എന്നുമുതൽക്കാണു കവിതയുണ്ടാക്കിത്തുടങ്ങിയതെന്നു നല്ല നിശ്ചയമില്ല. പഠിക്കുന്ന കാലത്തുതന്നെ അവിടന്നു കവിത ഉണ്ടാക്കിക്കൊണ്ടിരുന്നു എന്നും, അതു നിമിത്തം പഠിച്ച ഭാഗങ്ങൾ ഉരുവിട്ടുറപ്പിക്കുന്നതിൽ പലപ്പോഴും ഉദാസീനത വന്നുപോയിട്ടുണ്ടെന്നും ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. ഇതിൽ ഒട്ടും വാസ്തവമില്ലെന്നു തോന്നുന്നില്ല. വ്യാകരണത്തിൽ ഉപസ്ഥിതി പോരാ എന്നു തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ പറയുകയുണ്ടായിട്ടുണ്ട്. അവിടത്തെപ്പോലെ ബുദ്ധിമാനായ ഒരാൾക്ക് ആവിധം വരണമെങ്കിൽ പഠിപ്പിൽ കുറെ അമാന്തം കാണിച്ചിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. എന്നാൽ ഇതു കവിതയിലുള്ള കൌതുകംകൊണ്ടുതന്നെ പററിയതുമായിരിക്കണം. പിന്നെ ഭജിക്കുന്ന കാലത്തും ഭഗവതിയെകുറിച്ചു ചില സ്തോത്രങ്ങളും മററും ഉണ്ടാക്കിയതായി കാണുന്നുണ്ട്. അതൊക്കെ

നോക്കുമ്പോഴം, തിരുമനസ്സുകൊണ്ട് വളരെ ചെറുപ്പത്തിൽത്തന്നെ കവിതയുണ്ടാക്കിക്കൊണ്ടിരുന്നു എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അഥവാ, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെപ്പോലെയുള്ള ജന്മകവികളുടെ വാസന ആദ്യംതന്നെ പൊട്ടിപ്പുറപ്പെട്ടു കാണുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. എങ്ങിനെയായാലും, ഒരു കവിയുടെ നിലയിൽ ജനസാമാന്യം ഇവിടുത്തെ പ്രശംസിച്ചു തുടങ്ങിയതു ഭജനത്തിന്നു ശേഷമാണെന്നുള്ളതിന്നു സംശയമില്ല.

കവിതാവിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഒരു 'സവ്യസാചി'യായിരുന്നു എന്നുതന്നെ പറയണം. സംസ്കൃതവും മലയാളവും ഒരുപോലെ സ്വാധീനപ്പെടുത്തി ആ രണ്ടുകൊണ്ടും ഒപ്പം കവിതാപ്രയോഗം ചെയ്യുന്നതിന്നു തിരുമനസ്സിലേക്ക് അത്യാശ്ചൎയ്യകരമായ ഒരു സാമൎത്ഥ്യമുണ്ടായിരുന്നു. എങ്കിലും, നമ്മുടെ ഭാഗ്യവശാൽ, മലയാളഭാഷയിൽത്തന്നെയാണ് അവിടുന്നു അധികം കൃതികളെഴുതീട്ടുള്ളത്. ഇത് അച്ഛൻെറ ഉപദേശപ്രകാരമാണെന്നു തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ പറകയുണ്ടായിട്ടുണ്ട്. പക്ഷെ തമ്പുരാൻ കവിതയുണ്ടാക്കുവാൻ തുടങ്ങിയ കാലത്തേക്കുതന്നെ 'സാഹിത്യസാരംഭമെല്ലാം ശമിച്ചു നിൎവ്വാണമായ അഗ്നിപൎവ്വതംപോലെ'യായിരുന്നു അച്ഛൻനമ്പൂതിരിപ്പാട്ടിലെ സ്ഥിതി. അതു നിമിത്തം, "മഞ്ജുശ്രീകവി വെണ്മണിക്ഷിതിസുരൻ

വാത്സല്യഭാരത്തിനാൽ
ഭഞ്ജിസ്സാതെ തനിക്കെഴുന്ന കവിതാ-
ചാതുൎയ്യമപ്പിക്കയാൽ"

കവിത്വം മാത്രമല്ലാതെ, മററു പറയത്തക്ക സഹായങ്ങളൊന്നും നമ്മുടെ കഥാനായകന്ന് അച്ഛനിൽ നിന്ന് ലഭിക്കുവാൻ സൌകൎയ്യമുണ്ടായിട്ടില്ല. അച്ഛൻനമ്പൂതിരിപ്പാട്ടിലെക്കൊണ്ടു കവിതാവിഷയത്തിൽ പിന്നേയും കുറച്ചൊരു സഹായമുണ്ടായി

ട്ടുള്ളതു കൊച്ചുണ്ണിതമ്പുരാൻ തിരുമനസ്സിലെക്കാണ്. ഈ സംഗതി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ആദ്യത്തെ കൃതിയായ 'കവിഭാരത'ത്തിൽ കാണുന്ന താഴെ എഴുതിയ ശ്ലോകംകൊണ്ടു വ്യക്തമാകുന്നതുമുണ്ട്.

"ഉൾക്കു ചിന്തും വേഗമേറും നിജകവനബല
ത്താല്ലലെല്ലാമൊതുക്കി
സ്വച്ഛന്ദം മൂകന്മായ് വാണഖില കവിജന
പ്പോരുകണ്ടിണ്ടലെന്യേ
കൊച്ചുണ്ണിക്ഷോണിപാല പ്രവരനു
കൊടിയായ്
വെണ്മണിശ്രീകലന്നോ-
രച്ഛൻനമ്പൂരിഭൂരിപ്രഥിതസിതയശോ-
മോഹനശ്രീഹനൂമാൻ".

കവിതാവിഷയത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗുരുസ്ഥാനം വഹിച്ചിട്ടുള്ളത്, അവിടുത്തെ വൈമാത്രേയസഹോദരനായ വെണ്മണി മഹൻ നമ്പൂതിരിപ്പാടാണ്. ഇതു കവിഭാരതത്തിൽതന്നെ കൌരവഖണ്ഡത്തിലെ രണ്ടാം ശ്ലോകംകൊണ്ടു സൂചിപ്പിച്ചിട്ടുള്ളതു കൂടാതെ, മഹൻനമ്പൂതിരിപ്പാട്ടിലേക്കയച്ച ചില കത്തുകളിൽനിന്നു നല്ലവണ്ണം തെളിയുന്നതുമുണ്ട്.

ഗുരുശിഷ്യന്മാരായ ഈ ജ്യേഷ്ഠാനുജന്മാർ തന്നേയാണ് ആധുനികഭാഷാകവികളുടെ കൂട്ടത്തിൽ അധികം പ്രശസ്യന്മാരായി തീൎന്നിട്ടുള്ളത്. ഇവൎക്കു തമ്മിൽ പലതുകൊണ്ടും സാമ്യം കാണന്നുണ്ട്. ഒരേ അച്ഛന്റെ മക്കളായ ഈ രണ്ടു കവികളും പിതൃസ്വത്തായ കവിതത്തിന്നു ഒരുപോലെ അവകാശികളായിതീൎന്നു. രണ്ടാളും അതു് അവസ്ഥാനുസരണം പുഷ്ടിവരുത്തുകയും ചെയ്തു. ഇവർ രണ്ടാളും മരണപൎയ്യന്തം കവിതാവിഷയത്തിൽ തന്നെയാണ് പ്രത്യേകം പരിശ്രമിച്ചിട്ടുള്ളത്. രണ്ടുകൂട്ടരും ബുദ്ധിമാന്മാരും, അസൂയ, അഭിമാനം മുതലായ ദുൎഗ്ഗുണങ്ങൾ അശേഷം ബാധിച്ചിട്ടില്ലാത്തവരുമായിരുന്നു. മ

ലയാളത്തിൽ ഇവരെപ്പോലെ ദേശസഞ്ചാരംചെയ്തിട്ട മററൊരു കവിയുമുണ്ടെന്നു തോന്നുന്നില്ല. യോഗ്യന്മാരെന്നും അയോഗ്യന്മാരെന്നുമുള്ള ഭേദം കരുതാതെ എല്ലാ തരക്കാരോടും ഇവർ ഒരുപോലെ പരുമാറിയിരുന്നതിനാൽ സ്നേഹിതന്മാരും ഇത്ര മററാക്കുമില്ലായിരുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്തിനിപ്പുറം ജനസാമാന്യത്തിൻെറ കവികളായിട്ടുള്ളത് ഈ രണ്ടാൾ മാത്രമാണ്. മററാരാളുടെ കവിതയ്ക്കും പൊതുവിൽ ഇത്രമാത്രം പ്രചാരം സിദ്ധിച്ചു കാണുന്നില്ല.

എന്നാൽ ഇവർ തമ്മിൽ സാരമായ ചില വ്യത്യാസങ്ങളുമില്ലെന്നില്ല. നമ്പൂതിരിപ്പാട്ട സ്വതേ വളരെ അമാന്തക്കാരനായിരുന്നു, ഇത് അദ്ദേഹത്തിൻെറ ജീവിതസർവ്വസ്വമായ കവിതയ്ക്കുകൂടി വലിയ ദോഷം വരുത്തീട്ടുണ്ട്. നമ്പൂതിരിപ്പാട്ടിലെ മിക്ക കൃതികളും അപൂൎണ്ണങ്ങളായിക്കിടക്കുന്നതിന്നുള്ള കാരണം ഇതുതന്നെയാണ്. നേരെ മറിച്ചു, തമ്പുരാൻ ഉത്സാഹം മൂൎത്തിമത്തായി ജനിച്ച ഒരാളായിരുന്നു. എന്തെങ്കിലും ഒരു കവിതാമാൎഗ്ഗത്തിൽ പരിശ്രമിച്ചുകൊണ്ടല്ലാതെ അവിടുന്നു ഒരിക്കലും വെറുതെ ഇരിക്കുക പതിവില്ല. ഉത്സാഹ ശക്തിനിമിത്തം ഒരിക്കൽ തുടങ്ങിവെച്ചതു മുഴുമിക്കാതിരിക്കയുമില്ല. ഈ ഉത്സാഹാതിരേകംതന്നെയാണു തിരുമനസ്സിലെ ദ്രുതകവനത്തിൽ ചാടിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. നമ്പൂതിരിപ്പാട്ടിലേക്കു ഉദാസീനത എത്രമാത്രം ദോഷത്തിന്നു കാരണമായൊ, അതുപോലെയില്ലെങ്കിലും ഈ ഉത്സാഹാതിരേകം നിമിത്തമുണ്ടായ ദ്രുതകവനഭ്രമംകൊണ്ടു തമ്പുരാനും കുറച്ചൊക്കെ ദോഷം പററിപ്പോയിട്ടുണ്ട്. നമ്പൂതിരിപ്പാട് ഒരു കവിത ഉണ്ടാക്കുമ്പോൾ അതിൽ തനിക്ക് എത്രമാത്രം നിഷ്കൎഷിക്കാൻകഴിയുമൊ, അത്രയും നിഷ്കൎഷിച്ചു തുടച്ചു മിനുക്കിയ ശേഷമെ അതു പുറത്തു വിടുകയുള്ളു. തമ്പുരാനാകട്ടെ ഒന്നു തുടങ്ങിവെച്ചാൽ അത് എത്ര വേഗത്തിൽ മുഴുമിക്കാമൊ, അത്രയും വേഗത്തിൽ തീൎത്തു തള്ളണമെന്നു മാത്രമായിരുന്നു വിചാരം. ഇ

ങ്ങിനെയുള്ള ദ്രുതകവനഭ്രമംകൊണ്ടു തമ്പുരാന്റെ ചില കവിതകൾക്കു- പ്രത്യേകിച്ചും ആദ്യകാലത്തെ ചില കവിതകൾക്കു- രചനാഭംഗി കുറവായിപ്പോയിട്ടുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കവിതയ്ക്കു സുഖംപോരാ എന്നു ചിലകൂട്ടർ പറയുന്നതിന്നുള്ളകാരണം ഈ ഒരു നിഷ്കർഷക്കുറവാണ്. പക്ഷെ നമ്പൂതിരിപ്പാട്ടിലെക്കാൾ തമ്പുരാനു വ്യുല്പത്തിഭാഗത്തിൽ വലിയമെച്ചമുണ്ടായിരുന്നതിനാൽ ഈ ദോഷത്തിന്നു മറെറാരുവിധത്തിൽ സമാധാനമുണ്ടായിട്ടുണ്ട്. നമ്പൂതിരിപ്പാട്ടിലെക്കു ലോകവ്യുല്പത്തി വളരെകുറവായിരുന്നതുകൊണ്ടു കവിതയിൽ പലപ്രയോഗവൈകല്യങ്ങളും പററിപ്പോയിട്ടുള്ളതുകൂടാതെ, തന്റെ വാസനയ്ക്കു അനുസരിച്ച് ആശയപുഷ്ടിയും, അലങ്കാരധാടിയും മററം വരുത്തുവാൻ അദ്ദേഹത്തിനു സാധിക്കാതിരിക്കയും ചെയ്തിട്ടുണ്ട്. തമ്പുരാൻ തിരുമനസ്സുകൊണ്ടു കാവ്യനാടകാലങ്കാരങ്ങളിൽ നല്ലവണ്ണം പരിചയിച്ച ഒരു പണ്ഡിതനായിരുന്നതിനാൽ എത്രവെഗം കവിതയുണ്ടാക്കുന്നതായാലും, അതിൽ എന്തെങ്കിലും ഒരുമോടി പിടിപ്പിക്കുവാൻ അവിടയ്ക്കു ഒരു പ്രയാസവുമുണ്ടായിരുന്നില്ല. നമ്പൂതിരിപ്പാട്ടു കവിതയിൽ ധാരാളമായി ഫലിതം പ്രയോഗിച്ചും, ഓരെന്നിന്റെ വാസ്തവസ്ഥിതിയെ അനുഭവപ്പെടുത്തി വർണ്ണിച്ചുമാണ് ജനസാമാന്യത്തെ രസിപ്പിച്ചിരുന്നത് പക്ഷെ വ്യുല്പത്തിക്കുറവുനിമിത്തം സന്ദർഭംനൊക്കാതെഎപ്പോഴുംഫലിതം തട്ടിമൂളിച്ചിരുന്നതിനാൽ പല ദിക്കിലും സഹൃദയന്മാൎക്കു രസത്തിന്നുപകരം നീരസത്തിന്നിടവരുത്തിട്ടുമുണ്ട്. എന്നുമാത്രമല്ല അദ്ദേഹത്തിന്റെ ഒന്നാംതരം കൃതികളായിഗണിക്കപ്പെട്ടുവരുന്ന പലതും ഒരു കുഡുംബത്തിൽവെച്ച വായിക്കാൻ കൊള്ളരുതാത്ത വിധം ശുദ്ധമേ (അമ്മായി) ശ്ലോകങ്ങളുമാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെകൃതികൾക്ക് ഈ വക ദോഷങ്ങൾ അശേഷം ബാധിച്ചിട്ടില്ല. ഫലിതം പ്രയോഗിക്കുന്നതിൽ തമ്പുരാനു ജ്യേഷ്ഠനെക്കാൾ ഒട്ടും മെച്ചമി

ല്ലെങ്കിലും, ഉള്ളതൊന്നും സന്ദർഭംനോക്കാതെ പ്രയോഗിച്ചിട്ടില്ല. ഏതെങ്കിലും ഒരു വസ്തുവിൻെറ വാസ്തവസ്ഥിതി വർണ്ണിക്കുന്നതിൽ, നമ്പൂതിരിപ്പാട്ടിലെ ദൃഷ്ടിയിൽപെടുന്നത് അധികവും അതാതിൻെറ പുറമെയുള്ള സ്വഭാവം മാത്രമാണ്. തമ്പുരാന് ആ ഒരു ഭേദമില്ല. അവിടത്തെ വിശാലമായ മതിദർപ്പണത്തിൽപെടുന്ന വിഷയത്തിൻെറ അകവും പുറവും ശരിയായി പ്രതിഫലിച്ചുകാണാം. തമ്പുരാൻ തിരുമനസ്സുകൊണ്ട് നമ്പൂതിരിപ്പാട്ടിലെക്കാൾ എത്രയോ അധികംകൃതികളെഴുതീട്ടുണ്ട്. അവയിൽ ദുർല്ലഭം ചിലതിന്നു ഗൌരവമോ ഭംഗിയോ കുറവായിപ്പോയിട്ടുണ്ടെങ്കിലും, അധികവും ആക്കും എവിടെവെച്ചും വായിക്കാവുന്നതും, വായിക്കേണ്ടതുമാണ്. ആകക്കൂടിനോക്കുമ്പോൾ നമ്പൂതിരിപ്പാട്ടിലെ കൃതികൾ മിക്കതും അപൂർണ്ണങ്ങളും, വിഷയത്തിന്നു ഗുണം കുറഞ്ഞവയുമാകയാൽ കാലാന്തരത്തിൽ നശിച്ചുപോയേക്കുമോ എന്നു പലക്കും ശങ്കയുണ്ട്; കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികളിലാകട്ടെ അല്പം ചിലതു നശിച്ചുപോയാൽതന്നെ, അധികവും ഭാഷാസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠയെ പ്രാപിച്ചു പ്രകാശിക്കുന്നവയാണെന്നുള്ളതിന്ന് ആക്കും സംശയമില്ല. (തുടരും)

ശിവഗീതാ

(2-ാംബുക്ക 440-ാം ഭാഗത്തിൽനിന്ന് തുടച്ച്)

21\. മീലിതാക്ഷോഭയാവിഷ്ടശ്ശങ്കരംശരണംഗതഃ
സ്വരേണാപ്യുച്ചരന്നുച്ചൈശ്ശംഭൊർന്നാമസഹസ്രകം

മീലിതാക്ഷഃ=കണ്ണ് ചിമ്മിയവനായിഭയാവിഷ്ടഃ=കലശലായിഭയംപിടിപെട്ടവനായി. ഉച്ചൈഃസ്വരേണ=ഉറക്കെശബ്ദത്താൽ. ശംഭോഃ=ശിവൻെറ. നാമസഹസ്രകം=സഹസ്രനാമസ്തോത്രത്തെ. ഉച്ചരൻഅപി=ജപിച്ചുകൊണ്ടും. ശങ്കരം=ശിവനെ. ശരണം=രക്ഷിതാവായി. ഗതഃ=പ്രാപിച്ചു.

22. ശിവഞ്ചദണ്ഡവൽഭൂമൌപ്രണനാമപുനഃപുനഃ
പുനശ്ചാപൂർവ്വവച്ചാസീച്ഛബ്ദോദിങ്മണ്ഡലംഗ്രസൻ.

ശിവം=ശിവനെ. ഭൂമൌ=ഭൂമിയിൽ. പുനഃപുനഃ=പിന്നെയും പിന്നെയും. ദണ്ഡവൽ=ദണ്ഡംപോലെ. (സർവ്വാംഗവുംകൊള്ളത്തക്കവണ്ണം) പ്രണനാമച=നമസ്കരിക്കയുംചെയ്തു. പുനഃ ച=പിന്നെയും. പൂർവ്വവൽ=മുമ്പുണ്ടായതുപോലെ. ശബ്ദഃ=മുഴക്കം. ദിങ്മണ്ഡലം=ദിക്കൊക്കെയും. ഗ്രസൻ=വ്യാപിക്കുന്നതായി. ആസീൽച=ഉണ്ടാകയുംചെയ്തു.

23. ചചാലവസുധാഘോരംപർവ്വതാശ്ചചകമ്പിരെ
തതഃക്ഷണെനശീതാംശുശീതളംതേജആപതൽ.

വസുധാ=ഭൂമി. ഘൊരം=ഭയങ്കരമായി. ചചാല=ഇളകി. പർവ്വതാഃ=പർവ്വതങ്ങൾ. ചകമ്പിരെച=കുലുങ്ങുകയുംചെയ്തു. തതഃ=അതിൽപിന്നെ. ക്ഷണെന=വെഗത്തിൽ. ശീതാംശുശീതളം=ചന്ദ്രനെപൊലെശീതളമായ. തെജഃ=തെജസ്സ്. ആപതൽ=ആപതിച്ചു (ഉണ്ടായിവന്നു)

24. ഉന്മീലിതാക്ഷൊരാമസ്തുയാവദെതൽപ്രപശ്യതി
താവദ്ദദർശവൃഷഭംസർവ്വാലങ്കാരസംയുതം.

രാമഃതു=ശ്രീരാമനാകട്ടെ. ഉന്മീലിതാക്ഷഃ=കണ്ണു തുറന്നവനായി. ഏതൽ=ഈ തെജസ്സിനെ. യാവൽ=എപ്പൊൾ. പ്രപശ്യതി=നല്ലവണ്ണംനൊക്കുന്നുവൊ. താവൽ=അപ്പൊൾ. സർവ്വാലങ്കാരസംയുതം=എല്ലാഅലങ്കാരത്തൊടുകൂടിയ. വൃഷഭം=(ശിവന്റെവാഹനമായ) വൃഷഭത്തെ. ദദർശ=കണ്ടു.

25. പിയൂഷമഥനൊൽഭൂതനവനീതസ്യപിണ്ഡവൽ
ശ്വെതവർണ്ണംമരതകച്ഛായശൃംഗദ്വയാന്വിതം.

പിയൂഷമഥനൊൽഭൂതനവനീതസ്യ=അമൃതമഥനത്തിലുണ്ടായവെണ്ണയുടെ. പിണ്ഡവൽ=ഉണ്ടപൊലെ. ശ്വെതവർണ്ണം=വെള്ളത്തനിറമുള്ളതും. മരതകച്ഛായശൃംഗദ്വയാന്വിതം=മരതകരത്നത്തിന്റെനിറംപൊലെ നിറമുള്ള രണ്ടുകൊമ്പുകളൊടുകൂടിയതും.

26. നീലരത്നെക്ഷണം സ്വകണ്ഠകംബളഭൂഷിതം
രത്നവല്ല്യാണസംയുക്തംനിബദ്ധംശ്വെതചാമരൈഃ

നീലരത്നെക്ഷണം=നീലരത്നംപോലെകണ്ണുകളുള്ളതും. ഹ്രസ്വകണ്ഠകംബളഭൂഷിതം=നീളംചുരുങ്ങിവീതികൂടിയകഴുത്തിലയാൽശൊഭിച്ചതും (കഴുത്തില=കഴുത്തിൽഞെലുന്നതടിച്ചതൊൽ (സാസ്നാ?) രത്നവല്ല്യാണസംയുക്തം=ര

ങ്ങളാൽ അലങ്കരിച്ചജീൻ ഉള്ളതും. ശ്വേതചാമരൈഃ=വെഞ്ചാമരങ്ങളാൽ നിബദ്ധം=ഇരുഭാഗത്തും കെട്ടിയലങ്കരിക്കപ്പെട്ടതും.

27. ഘണ്ടികാഘൎഘരീശബ്ദൈഃപൂരയന്തം ദിശോദശ
തത്രാസീനം മഹാദേവം ശുദ്ധസ്ഫടികവിഗ്രഹം.

ഘണ്ടികാഘൎഘരീശബ്ദൈഃ=മണികൾ കിങ്കിണികൾ ഇവയുടെ ശബ്ദങ്ങളാൽ ദശ=പത്ത്. ദിശഃ=ദിക്കുകളെ. പൂരയന്തം=നിറക്കുന്നതും (ആയവൃഷഭത്തെ എന്നുമുമ്പെത്തെതിൽ ചെൎത്ത് കൊള്ളണം) തത്ര=ആ വൃഷഭത്തിൽ=ആസീനം ഇരിക്കുന്നവനും. ശുദ്ധസ്ഫടികവിഗ്രഹം=ശുദ്ധസ്ഫടികംപൊലെ ധവളമായ ദെഹമുള്ളവനുമായും മഹാദെവം=പരമശിവനെ.

28. കൊടിസൂൎയ്യപ്രതീകാശം കൊടിശീതാംശുശീതളം
വ്യാഘ്രചൎമ്മാംബരധരം നാഗയജ്ഞൊപവീതിനം.

കൊടിസൂൎയ്യപ്രതീകാശം=അസംഖ്യം സൂൎയ്യന്മാരെപോലെ പ്രകാശമുള്ളവനും. കൊടിശീതാംശുശീതളം=അസംഖ്യം ചന്ദ്രന്മാരെപൊലെ ശീതളഗുണമുള്ളവനും. വ്യാഘ്രചൎമ്മാംബരധരം=പുലിത്തൊലിനെവസ്ത്രമായിധരിച്ചവനും. നാഗയജ്ഞൊപവീതിനം=സൎപ്പരാജാവാകുന്നപൂണുനൂലുള്ളവനും.

29. സൎവ്വാലങ്കാരസംയുക്തം വിദ്യുൽപിംഗജടാധരം
നീലകണ്ഠം വ്യാഘ്രചൎമ്മൊത്തരീയം ചന്ദ്രശെഖരം.

സൎവ്വാലങ്കാരസംയുക്തം=എല്ലാ അലങ്കാരങ്ങളൊടുകൂടിയവനും. വിദ്യുൽപിംഗജടാധരം=മിന്നൽപിണർപോലെചെമ്പിച്ചജടകൾ ധരിച്ചവനും. നീലകണ്ഠം=നീലനിറമായകഴുത്തുള്ളവനും. വ്യാഘ്രചൎമ്മൊത്തരീയം=പുലിത്തൊൽ മെൽപുടവയായി ധരിച്ചവനും. ചന്ദ്രശെഖരം=ചന്ദ്രനെശിരസ്സിൽ അലങ്കരിച്ചവനും.

30. നാനാവിധായുധൊദ്ഭാസിദശബാഹും ത്രിലൊചനം
യുവാനം പുരുഷശ്രെഷ്ഠം സച്ചിദാനന്ദവിഗ്രഹം.

നാനാവിധായുധൊദ്ഭാസിദശബാഹം=പലവിധആയുധങ്ങളാൽവിളങ്ങുന്ന പത്ത് കൈകളുള്ളവനും. ത്രിലൊചനം=മൂന്നുകണ്ണുകളുള്ളവനും. യുവാനം=ഇരുപത്തഞ്ചവയസ്സ് പ്രായത്തിൽതന്നെഎപ്പൊഴുമിരിക്കുന്നവനും. പുരുഷശ്രെഷ്ഠം=പുരുഷൊത്തമനായും. സച്ചിദാനന്ദവിഗ്രഹം=സത്ത്, ചിത്ത് ആനന്ദം ഇവ സ്വരൂപമായുള്ളവനുമായ. (മഹാദെവനെകണ്ടുഎന്നുമുമ്പെത്തെതിൽ ചെൎത്ത് കാണണം.)

ബ്രഹ്മവിദ്യാ

പ്രാരംഭപാഠം.

തർജ്ജമ—മൂർക്കോത്ത് കുമാരൻ.

അദ്ധ്യായം 3.

പുനർജ്ജന്മം.

(25-ാം ഭാഗത്തിൽനിന്ന തുടച്ച)

മദ്ധ്യാഫ്രിക്കയിലെ ചില ഘോരവനങ്ങളിൽ ഒരുവിധം കാട്ടുമനുഷ്യർ ഉണ്ടു. വളരെ കറുത്തു കുറിയ ഈ ആളുകൾക്കു വല്ല മനഃശക്തിയൊ ധാരണകളൊ ഇല്ലെന്നു മാത്രമല്ല കഠിനമായ കാമവികാരം ഉണ്ടുതാനും. അവക്കു സംസാരിക്കാൻ സാധിക്കയില്ല. അവക്കൊരു ഭാഷയുമില്ല. എന്നാൽ അവർ ഒരുപ്രത്യേകതരമായ നിലവിളികൊണ്ടും ആംഗ്യങ്ങളെക്കൊണ്ടും അവരുടെ അന്തർഗ്ഗതങ്ങളെ അന്യോന്യം ധരിപ്പിക്കുന്നു. നേരിയ ശബ്ദത്തിൽ ക്ലക്കിവിളിക്കുക ശീലമുള്ളതിനാൽ അവരെക്ലക്കിക്കാർ എന്നു വിളിക്കുന്നു.

അവർ മനുഷ്യരാണെങ്കിലും അവക്ക് നമ്മുടെ നായ, പൂച്ചമുതലായ മൃഗങ്ങളെപോലെ ആലോചനാശക്തിയൊ അറിവൊ ഇല്ല. ലോകത്തിലുള്ള സൎവ്വജീവികൾക്കും അനുഭവമാകുന്ന പരിണാമത്തിൽ ഇവർ ഏററവും താണപടിയിൽ ഉള്ളവരാണ്; എന്നുവെച്ചാൽ അവർ ദൈവത്തിൻെറ മനുഷ്യൎക്കായുള്ള വിദ്യാശാലയിൽ ഏററവും താണ ക്ലാസ്സിൽ പഠിക്കുന്നവരാണ്. ഈ ക്ലക്കിക്കാരെക്കാൾ അല്പം ഉയൎന്നവരാണ 'ഹോട്ടൻടോട്ട്' എന്നജാതിക്കാരും ആസ്ത്രേയില രാജ്യത്തിലെ ആദിമനിവാസികളും. ഇവരിൽ ചിലക്ക് രണ്ടിൽ അധികം എണ്ണുന്നതിന്ന് വശമാക്കാൻ സാധിക്കുന്നതല്ല. അവർ ഒ

ന്ന്, രണ്ട് എന്നും പിന്നെയുള്ളതൊക്കെ അതിൽ അധികമെ ന്നും പറയുന്നു. മററു ചിലക്ക് ഇന്ന കഴിഞ്ഞത് നാളേക്ക് ഓ ൎമ്മിക്കാൻ സാധിക്കയില്ല.

ഇവർ ലോകത്തിൽ പുരുഷരായൊ സ്ത്രീകളായൊ അധി കജന്മങ്ങൾ എടുത്തിട്ടില്ലാത്ത ദേഹികളാകുന്നു. അവർ അ ധികപ്രാവശ്യം ലോകത്തിൽ വന്നു ജനിക്കാത്തതുകൊണ്ട് ഏ റവും കുറച്ചു പാഠങ്ങൾ മാത്രം പഠിച്ചറിഞ്ഞവരും വളരെ അ പരിഷ്കൃതസ്ഥിതിയിലുള്ള ശരീരം അംഗീകരിച്ചവരും ആ കുന്നു. ഈ വിധം ദേഹങ്ങളോടു കൂടിയ ജാതിക്കാർ ലോക ത്തിൽ ക്രമേണ നശിച്ചുവരികയാണ്. എന്തുകൊണ്ടെന്നാൽ അവരിൽ അധികം പഠിച്ചറിഞ്ഞവർ ഉയൎന്ന ക്ലാസുകളിലേ ക്കു പോകുകയും അധികം നല്ല ശരീരം അംഗീകരിക്കുകയും ചെയ്യുന്നു.

ഈ ജന്മത്തിൽ അത്യദ്ധ്വാനംചെയ്തു സാധിക്കുന്നതൊ ക്കെ പഠിച്ചറിഞ്ഞുവെങ്കിൽ ഇനിയത്തെ പ്രാവശ്യം അവക്ക് അധികം നല്ലദേഹങ്ങൾ കിട്ടുന്നതാണ്. എന്നാൽ അത്യദ്ധ്വാ നം ചെയ്താൽ മാത്രമേ അങ്ങിനെ സാധിക്കയുള്ളു. അതി നുള്ള നിയമങ്ങളൊക്കെ നമുക്കുള്ളതുതന്നെയാണ് അവക്കും.

ഇങ്ങിനെയുള്ളൊരാൾ നമ്മുടെഅടുക്കെവന്നു "ഇന്നലെ എന്നൊരു അവസ്ഥയുണ്ടായിരുന്നില്ല; എന്തുകൊണ്ടെന്നാൽ എനിക്ക് അതു ഓൎമ്മിക്കാൻ സാധിക്കയില്ല. നാളെയെന്നൊ ന്നു ഉണ്ടാവാനും പാടില്ല; അങ്ങിനെയാണെങ്കിൽ നമ്മിൽ വ ല്ലവരും അതു കാൺമായിരുന്നു" എന്നു പറയുന്നതായാൽ നി ങ്ങൾ അവനെപററി എന്തു വിചാരിക്കും. അവൻ ഒരു ദി വസംകൊണ്ട് പൊട്ടിമുളച്ചുണ്ടായ ഒരു മനുഷ്യൻ എന്നപോ ലെ വിചാരിച്ചതിൽ ഒരു വിഡ്ഢിയാണെന്നു നിങ്ങൾ മനസ്സി ലാക്കുകയും ചില സാധനങ്ങൾ അവന്റെ സ്വന്തമാണെന്ന ഓൎമ്മിപ്പാനും അവന്റെ ബന്ധുക്കളേയും, സ്നേഹിതന്മാരേയും, ശത്രുക്കളേയും അവൻ മുമ്പ് കണ്ടിരുന്നില്ലെങ്കിൽ തിരിച്ചറിവാ

ൻ അവന്ന കഴിവുണ്ടാവാനും എങ്ങിനെ സംഗതി വന്നു എന്നു നിങ്ങൾ പക്ഷെ അത്ഭുതപ്പെട്ടുകയും ചെയ്യുമായിരിക്കാം.

അവന്നുള്ള അറിവൊക്കെ അവൻെറ ഓൎമ്മയിൽനിന്നു മറിഞ്ഞുപോയ തലേദിവസത്തിൽനിന്നു അവന്ന ലഭ്യമായതാണെന്നും നിങ്ങൾക്ക വളരെ വ്യക്തമാണെന്നും തോന്നാം. എന്നാൽ മനുഷ്യർ ശൈശവം വിട്ടു ബാല്യത്തിലും ബാല്യം വിട്ടു യൌവനത്തിലും ആയിതീൎന്നത് എങ്ങിനെയെന്ന് അവൻ സൂക്ഷിക്കാതിരുന്നതിനെപററി നിങ്ങൾക്ക് അത്ഭുതമുണ്ടാവാം. ഒരു ശിശു ഒരു ദിവസംകൊണ്ട് ഒരു വലിയ മനുഷ്യനായിതീരുന്നതല്ലല്ലൊ.

ആസ്ത്രേലിയിലെ ആദിമനിവാസികൾ കഴിഞ്ഞ ദിവസത്തെപ്പററി അവൎക്കുള്ള പ്രമാണത്തെ ഉപയോഗിക്കുംപോലെതന്നെ, പുനജ്ജന്മതത്വത്തെപററിവിചാരിക്കാത്തആ ആളുകൾ മററുള്ള സംഗതികളിൽ ജ്ഞാനികളായിരുന്നാലും അവരുടെ കഴിഞ്ഞുപോയ ജന്മത്തെപ്പററി ഓൎമ്മിക്കാൻ കഴിയാത്തത്കൊണ്ട്, അങ്ങിനെഒരു ജന്മമുണ്ടെന്നു നിഷേധിക്കുന്നു.

എന്നാൽ ബ്രഹ്മവിദ്യാൎത്ഥികളാകട്ടെ, അവർ പഠിക്കുന്ന സൎവ്വകാൎയ്യങ്ങളും അവയ്ക്കുള്ള തെളിവുകളെ പരിശോധിച്ചും അവ സത്യമാണൊ എന്നു പരീക്ഷിച്ചും അറിഞ്ഞതിന്നുമേലല്ലാതെ പുരസ്കരിക്കാനൊ തിരസ്കരിക്കാനൊ ഉപദേശിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അവൎക്ക ഈ വാദം കേവലം അൎത്ഥമില്ലാത്ത ഒന്നായി തോന്നുന്നതാണ്.

ഇങ്ങിനെയുള്ള മാൎഗ്ഗങ്ങളാൽ അത് സത്യമൊ അസത്യമൊ എന്ന് തെളിഞ്ഞതിന്ന് ശേഷം ബ്രഹ്മവിദ്യാൎത്ഥികളായ നാം വിശ്വസിക്കുന്നെങ്കിലാകട്ടെ ഇല്ലെങ്കിലാകട്ടെ അതിന്നനുകൂലിച്ച ജീവിക്കേണ്ടതാകുന്നു. മററുള്ളവൎക്ക ഈ കാൎയ്യങ്ങളെ നാം കാണുന്ന നിലയിൽ കാണ്മാൻ സാധിക്കയില്ലെങ്കിൽ

അവരെ കുററം പറകയൊ നാം അക്ഷമരായിത്തീരുകയൊ ചെയ്യരുത്.

ഒരു ബ്രഹ്മവിദ്യാത്ഥി സവ്വക്കും അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കേണ്ടതാകുന്നു. ഈ സ്വാതന്ത്ര്യം നൽകാത്ത മക്കട മുഷ്ടിക്കാക്കപോലും അവൻ സ്വാതന്ത്ര്യം നൽകണം. ഒരാളക്കു മതിയായ തെളിവാണെന്നു തോന്നുന്ന സംഗതി മററൊരാളക്ക് അങ്ങിനെയല്ലെന്നു തോന്നിയേക്കാമെന്നു അവൻ ഓമ്മിക്കേണം. ഓരോരുത്തനു ആവശ്യമുള്ളത് കണ്ടും സ്പശിച്ചും, കേട്ടും അവനവനുതന്നെ ഉണ്ടാകേണ്ടുന്ന അനുഭവമാകുന്നു. അങ്ങിനെ ഉണ്ടായി കഴിഞ്ഞാൽ മററുള്ളവക്ക് ആവിധം അനുഭവം ഉണ്ടാകുന്നതിന്നു മുമ്പ അവരും അതു വിശ്വസിക്കേണമെന്നു ശഠിക്കാൻ അവന്ന് അവകാശമില്ല.

കോപം

പെരിഞ്ചേരി രാമൻമേനോൻ ബി. എ. ബി. എൽ.

(31-ാം ഭാഗത്തിൽനിന്ന തുടച്ച)

ഇങ്ങിനെയുള്ള ഒരു ഭയങ്കരമൂത്തിയെ ആരെങ്കിലും സൽഗുണത്തിന്നു സഹായമായി അപേക്ഷിക്കുമൊ? പ്രശാന്തരമണീയമായ ആലോചനാശക്തിയാണ് എല്ലാംസൽഗുണങ്ങളക്കും അടിസ്ഥാനമായിട്ടുള്ളതു. അങ്ങിനെയുള്ളശാന്തമനസ്സും കോപവുംകൂടി ഒരാളിൽ ഒരെസമയത്തു ഒരിക്കലും ഉണ്ടാവുന്നതും അല്ലാ. രോഗശക്തിയാൽ ചിലസമയം ദീനക്കാരൻകാണിക്കുന്ന വികൃതികൾ ആത്മശക്തികൊണ്ടുണ്ടാവുന്നതല്ലാ. അതുനിലനിൽക്കുന്നതൊ ഗുണകരമായിട്ടുള്ളതൊ അല്ലാത്തതും നേരെമറിച്ച ആത്മനാശത്തിന്നു ഹേതുവായിത്തീരുന്നതും ആകുന്നു.

'കോപംഎന്നെ ബാധിക്കില്ല' എന്ന ഒരാളക്കുംധൈയ്യ

ത്തോടുകൂടി പറയുവാൻതരമില്ലാ. പ്രകൃത്യാ സൌമ്യശീലന്മാരും കോപംഉജ്വലിക്കുമ്പോൾ സാഹസകൃത്യങ്ങൾ ആചരിക്കുന്നതായി സാധാരണ നാം കാണുന്നുണ്ട്. അരോഗദൃഢഗാത്രംകൊണ്ടും ഈ സാംക്രമിക രോഗത്തെ അകററിനിൎത്തുവാൻ സാധിക്കുന്നതല്ലാ. കായബലമുള്ളവനെയും ഇല്ലാത്തവനെയും ഈ രോഗം ഒരുപോലെ ബാധിക്കുന്നു. അതുകൊണ്ടു ഒന്നാമതായി കോപംവരാതിരിക്കുന്നതിന്നും രണ്ടാമതായി,വന്നാൽ അതിനെഅകററുന്നതിന്നും മൂന്നാമതായി, അന്യന്മാരുടെയും നമ്മുടെയും കോപത്തിനെശമിപ്പിക്കുന്നതിന്നും ഉള്ള വഴികളെപററി ചുരുക്കത്തിൽ വിമൎശനം ചെയ്യുന്നതു ജനോപകാരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കോപംകൊണ്ടുണ്ടാകാവുന്ന ദോഷങ്ങളെപ്പററി എടക്കെല്ലാം ആലോചിക്കുകയും അതിൻെറ ഗൌരവത്തെ നിൎണ്ണയിക്കുകയും ചെയ്യുന്നതുകൊണ്ടു നമുക്കു ഈബാധയെ ഒഴിച്ചുനിൎത്താം. ഈ ബാധയുടെ പ്രേരണയിന്മേൽ ചെയ്യപ്പെടുന്ന ക്രൂരകൎമ്മങ്ങൾ ഓരൊന്നായി എടുത്തു അതുകളെപ്പററി നല്ലവണ്ണം വിചാരണകഴിച്ചു തെളിവുകളും എടുത്തു അവകൾ ശിക്ഷാൎഹങ്ങളാണൊ എന്നു നാംതന്നെ തീൎച്ചപ്പെടുത്തണം. ഈ ബാധയുടെ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കുന്നതിന്നു ഇതിനെ മറോരൊ ദുൎബ്ബാധകളായി താരതമ്യപ്പെടുത്തിനോക്കണം. അത്യാഗ്രഹിയായ ഒരുവൻ പണംസ്വരൂപിച്ചു തന്നെക്കാൾ വിശിഷ്ടനായ ഒരുവന്നു അതിനെ ഉപയോഗിപ്പാൻ കൊടുക്കുന്നു. കോപിഷ്ഠനൊ പണംചിലവുചെയ്യുന്നതെയുള്ളു. ഒന്നും ചിലവാക്കാതെ ആൎക്കും ഈബാധയെ വെച്ചുപുലൎത്തിക്കൊണ്ടുവരുവാൻ സാധിക്കുന്നതല്ലാ. കോപംപിതാവിന്നു ദുഃഖത്തെയും ഭൎത്താവിന്നുഭാൎയ്യാവിരഹത്തെയും നാടുവാഴിക്കു ജനങ്ങളുടെ ഇടയിൽ ദുരഭിപ്രായത്തെയും ഉണ്ടാക്കുന്നു. പക, അസൂയ ഇവയെക്കാൾ കോപം അധികം ദോഷകരമാകുന്നു. അ

സൂയക്കട്ടുക്കകെളും കുടിപ്പകക്കാരും അന്ന്യന്മാരുടെസുഖത്തെ ഇല്ലായ്മചെയ്യുവാൻ മോഹിക്കുന്നു. കോപിഷ്ടന്മാരൊ താന്താങ്ങളുടെ സുഖത്തിന്നുതന്നെ ഹാനിവരുത്തുന്നു. അസൂയക്കുക്ഷികൾ അന്ന്യന്മാക്ക് ദൈവഗത്യാവരുന്ന ദോഷങ്ങളിൽ സന്തോഷിക്കുന്നു. എന്നാൽ കോപിഷ്ടന്മാർ മററവല്ലവിധത്തിലും ശത്രുക്കൾക്ക വരുന്ന ആപത്തുകളെകൊണ്ട തൃപ്തിപ്പെടുന്നില്ല. താൻതന്നെ തൻെറശത്രുവിനെ ദ്രോഹിച്ചാലെ അവക്കുസന്തുഷ്ടിയുള്ളു. "മോനകോപ"ത്തെപ്പോലെ ഇത്ര അപകടമായി ലോകത്തിൽവേറെ ഒന്നുംതന്നെയില്ല. അതും കോപത്തിൻെറ ഒരു വകഭേദമെന്നുവെക്കുവാൻ മാത്രമെയുള്ളു. യുദ്ധത്തെപ്പോലെ അത്രനാശകരമായി വെറെഎന്തെങ്കിലും ഉണ്ടോ? ഇതുംബലവാന്മാരുടെ കോപത്തിൻെറ ഒരു ഫലംമാത്രമാകുന്നു. സൈന്യങ്ങളും പടക്കോപ്പുകളും ഒന്നുംഇല്ലാത്ത ഒരു സാധാരണമനുഷ്യൻെറ കോപംതന്നെ ഒരുയുദ്ധമെന്നുഗണിക്കാവുന്നതാകുന്നു.

(തുടരും)

പുസ്തകാഭിപ്രായം

"തിരുമാന്താംകുന്ന്" എന്ന് സാധാരണ പറഞ്ഞുവരുന്ന (വള്ളുവനാട്ടുള്ള) ഒരു പ്രസിദ്ധ ഭഗവതിക്ഷേത്രത്തിൻെറ സ്ഥലപുരാണവും ഈ ഭഗവതിയെപ്പററി പലരും ഉണ്ടാക്കീട്ടുള്ള ചില പ്രാചീനകൃതികളുമാണ് ഈ പുസ്തകത്തിലെ വിഷയങ്ങൾ. മങ്കടകോവിലകത്ത് ഉദയവമ്മ രാജാവവർകൾ അദ്ദേഹത്തിൻെറ പൂർവ്വീകന്മാരിൽനിന്നു പഠിച്ചിട്ടുള്ള ഒരു "ശതക"ത്തെ അടിസ്ഥാനപ്പെടുത്തീട്ടാണ് ഗ്രന്ഥകത്താവ മിസ്റ്റർ ചാത്തൻനായർ പദ്യത്തിൽ ഇത് എഴുതിയതെന്നു കാണുന്നു. ഉദയവമ്മ രാജാവവർകൾ എഴുതീട്ടുള്ള മുഖവുരയിലും കഥ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. പ്രസാധകൻ രാജാവവർകളുടേയും ഗ്രന്ഥകത്താവിൻെറയും ഭ

"തിരുമാന്ധാംകുന്ന്" വൈശിഷ്ട്യം.

ക്തിയും, ഇത്ര മുഖ്യമായ ഒരു ക്ഷേത്രത്തെപ്പററി അറിയുന്നസം ഗതികൾ ജനോപകാരമാക്കുവാനുള്ള താല്പര്യവും ഏററവുംപ്ര ശംസനീയംതന്നെ. പക്ഷെ, ഗദ്യപദ്യങ്ങൾ എഴുതേണ്ട നി യമങ്ങളെ, ഇതിൽ കുറെ അലക്ഷ്യമാക്കീട്ടുള്ളതായി കാണുന്ന തിൽ വ്യസനിക്കേണ്ടിയിരിക്കുന്നു.

മംഗളോദയം കമ്പിനിയിലാണ് പുസ്തകം അച്ചടിച്ചിട്ടു ള്ളത്. വില 0—2—6

ഈശാവാസ്യോ പനിഷത്ത് | പ്രസാധകൻ- മ-രാ-രാ- കുന്നത്ത ജനാർദ്ദ ന മേനോൻ അവർകൾ. വടക്കുന്തറ.

യജുർവ്വേദത്തിൻെറ രണ്ടു പിരിവുകളിൽ ശുക്ലയജുസ്സംഹി ത എന്ന ഭാഗത്തിൻെറ 40-ാം അദ്ധ്യായമാകുന്നു ഈശാവാ സ്യോപനിഷത്ത്. ദദ്ധ്യംഗധർവ്വണൻ എന്നഋഷി, തൻെറപുത്ര നായശിഷ്യന്ന് ഉപദേശിക്കുന്ന 18 മന്ത്രങ്ങളാണ് ഇതിൽഅട ങ്ങീട്ടുള്ളത്. ഉപനിഷത്തുകളുടെ കൂട്ടത്തിൽ വളരെപ്രധാനമായ ഇതിന്ന് സംസ്കൃതത്തിൽ ശ്രീ ശങ്കരാചാര്യസ്വാമികൾ ഒരു വ്യാഖ്യാനമെഴുതീട്ടുണ്ട്. പക്ഷെ സംസ്കൃതജ്ഞാനം ഇല്ലാ ത്തവക്ക് സ്വാമികളുടെ ഈ വ്യാഖ്യാനം ഉപകാരപ്പെടുകയി ല്ലല്ലോ. അതുകൊണ്ടു മിസ്റ്റർ കുന്നത്ത് ജനാർദ്ദനമേനോൻ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഈ ലളിതവ്യാഖ്യാനം വേദാന്ത തല്പ രന്മാരായ മലയാളികൾക്ക് ഈ ഉപനിഷത്തിലെ തത്വങ്ങൾ ആസ്വദിച്ചനുഭവപ്പെടുത്തുവാൻ വലിയ ഉപകാരമായി വരു മെന്നത് തക്കമററ സംഗതിയാണ്. വ്യാഖ്യാനത്തിന്നു പുറ മെ, വ്യാഖ്യാതാവ് ടി. പി. ആർ. മേനോൻതന്നെ വിമശന സമ്പ്രദായത്തിൽ ഒരു സാരനിരൂപണവും ഇതിൽ എഴുതിച്ചേ ത്തിരിക്കുന്നു. സാരവത്തായും തേജോമയമായും ഉള്ള ഈ പ്ര ബന്ധം, നാസ്തികമാർഗ്ഗത്തിലേക്ക് തെററിപ്പോകുന്നവരെ പി ടിച്ച് നേർവഴിക്ക് തിരിക്കുവാനും അല്ലാത്തവരുടെ വിശ്വാ

സത്തിന്ന് വെളിവും തെളിവും ഉറപ്പിക്കുവാനും ഉപകരിക്കുമെന്ന് ഞങ്ങൾക്ക നല്ല ബോദ്ധ്യമുള്ളതിനാൽ മലയാളികളെല്ലാം ഇതൊന്ന് വായിക്കേണ്ടതാണെന്ന് ഞങ്ങൾ സസന്തോഷം ശിപാർശ് ചെയ്യുന്നു.

വില നാലണ മാത്രമെ ഉള്ളു വേണമെങ്കിൽ പ്രസാധകനോടാവശ്യപ്പെട്ടുവിൻ.

മാനവിക്രമൻ } വരിസംഖ്യ ഒരു കൊല്ലത്തെക്ക 3 ക.

ഇപ്പോഴത്തെ സാമൂതിരിപ്പാട് വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാൻ തിരുമനസ്സിലെ തിരുനാമധേയത്തിലും, യൻ-കുഞ്ഞിരാമപതിയാർ- ബി- എ- അവർകളുടെ ആധിപത്യത്തിലും പാലക്കാട്ടുനിന്ന പുതുതായിപ്രസിദ്ധംചെയ്തു തുടങ്ങീട്ടുള്ള ഈ മാസികയുടെ ഒന്നും രണ്ടുംലക്കങ്ങൾ ഞങ്ങൾക്ക് കിട്ടിയിരിക്കുന്നു. പാരമ്പൎയ്യവഴിക്കെന്നപോലെ സാഹിത്യലോകത്തിലും രാജത്വം പ്രാപിച്ചിട്ടുള്ളതിരുമനസ്സിലെ പേരിൽ ജനങ്ങൾക്കുള്ള ഭക്തിബഹുമാനങ്ങളെ സ്പഷ്ടീകരിക്കുന്ന ഒരു മാസിക ഒന്നുകൊണ്ടും മററു മാസികകളിൽനിന്ന് താന്നുനില്പാൻ തരമില്ല. ഞങ്ങൾക്ക് കിട്ടിയലക്കങ്ങളിൽ ഗൌരവമുള്ള പലേ ലേഖനങ്ങളും ഉണ്ട്. സ്ഥലച്ചുരുക്കത്താൽ ലേഖനങ്ങൾ ഓരോന്നും പ്രത്യേകം പ്രത്യേകം ഗുണദോഷിക്കുന്നില്ല. വിദ്യാപ്രചാരത്തിന്നും ഭാഷാഭിവൃദ്ധിക്കും സന്മാൎഗ്ഗജീവിതത്തിന്നും ഉതകുന്ന ലേഖനങ്ങളാൽ ഇതുപോലെതന്നെ അലങ്കൃതയായി ഞങ്ങളുടെ ഈ സഹജീവിയശഃപ്രതാപങ്ങളോടുകൂടി ചിരകാലം ജീവിച്ചിരുന്നു കാണുമാറാകട്ടെ.

ബ്രഹ്മവിദ്യാസംഘം.

പ്രസിഡെണ്ട് — ശ്രീമതിഅനിബസൻറ്.

വൈസ്സ്പ്രസിഡണ്ട് — എ. പി. സിന്നററ്, എസ്ക്വൈർ

ഇന്ത്യയിലെ ജനറൽ സിക്രട്ടറി — ഇഗ്ബാൽനാരായണഗണ്ഡു അവർകൾ

മദിരാശിസംസ്ഥാനത്തിൽ പ്രൊവിൻഷ്യൽസിക്രട്ടറി — ടി, രാമചന്ദ്രറാവു

അവർകൾ പെൻഷ്യൻ സബ്ബജഡ്ജി അഡയാർ

സനാതനധൎമ്മം

ഉപരിഗ്രന്ഥം.

ഹിന്തുമതതത്വങ്ങളെയും ധൎമ്മശാസ്ത്രങ്ങളെയും പററി വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകം. കാശിയിലെ ഹിന്തുകോളേജിലെ വിദ്യാൎത്ഥികളുടെ ആവശ്യത്തിന്നായി ഉത്തരഇന്ത്യയിലെ പല പണ്ഡിതന്മാരാലുംകൂടി ഹിന്തുമതഗ്രന്ഥങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പലസാരകഥകളും ഹിന്തുക്കൾക്കറിയേണ്ടതായ പലെ ആചാരക്രമങ്ങളും അവയുടെ ഗൂഢാൎത്ഥങ്ങളും ഇതിൽക്രോഡീകരിച്ചു ചേൎത്തിരിക്കുന്നു.

വില	1—8—0
വിദ്യാൎത്ഥികൾക്ക	1—0—0

സനാതനധൎമ്മ ബുക്കഡിപ്പൊ ചാലപ്പുറം.

സനാതനധൎമ്മമാസികയുടെ പഴയകോപ്പികൾ.

2-ാംബുക്കിൻെറ അവസാനത്തെ 6 ലക്കങ്ങൾ
ഓരൊന്നിന്ന ... ... 0—1—0

ഛായാപടങ്ങൾ.

ജോർജ്ജചക്രവൎത്തി	0—2—0
ശ്രീമതി ആനിബിസൻറ് മദാമ്മ ...	0—1—0

സനാതനധൎമ്മം.

ഒരുത്തമ മലയാളമാസിക.

വരിസംഖ്യ		പരസ്യക്കൂലിനിരക്ക.	
തപ്പാൽകൂലി അടക്കം		മുൻകൂറ $\frac{1}{4}$ ഭാഗത്തിന്ന്	
	ക-ണ-പ.		
1 കൊല്ലത്തെക്കമുൻകൂറ	I—0—0	I മാസത്തെക്ക	0—I2—0
ഒററപ്രതിക്ക	0—2—0	3	2—0—0
		6	3—0—0
		1 കൊല്ലത്തെക്ക	4—8—0

മാസികാസൌജന്യം.

10 വരിക്കാരെ ചേൎപ്പിച്ചു അവരുടെ വരിസംഖ്യ മുൻകൂറ അയപ്പിക്കുന്നവൎക്ക മാസിക സൌജന്യമായി അയച്ചുകൊടുക്കുന്നതാണ.

അറിയിപ്പ്.

മാസികക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിന്നുള്ള പുസ്തകങ്ങൾ, മാററമായി അയക്കുന്ന പത്രങ്ങൾ, മാസികകൾ മുതലായവ പത്രാധിപൎക്കും, മണിയോർഡർ, പണം സംബന്ധമായ കത്തുകൾ മാസിക കിട്ടാഞ്ഞാലുള്ള അറിയിപ്പുകൾ മുതലായവ മാനേജൎക്കും അയക്കേണ്ടതാണ.

ലേഖനങ്ങൾ വ്യക്തമായി കടലാസ്സിന്റെ ഒരുഭാഗം മാത്രം എഴുതേണ്ടതും ലേഖകന്റെ ഒപ്പും മേൽവിലാസവും അടങ്ങിയിരിക്കേണ്ടതും ആകുന്നു. സ്വീകരിക്കാത്ത ലേഖനങ്ങൾ മടക്കി കിട്ടുവാനൊ അവയെ സംബന്ധിച്ചു മറുവടിക്കൊ ആവശ്യമുള്ളവർ അതുകൾക്കുവേണ്ടുന്ന തപ്പാൽമുദ്ര അയക്കേണ്ടതാണ. മാസിക കിട്ടാത്ത വരിക്കാർ അതാതുമാസം 20-ാം തിയ്യതിക്കുള്ളിൽ വിവരം അറിയിക്കുന്നതായാൽ കിട്ടാത്ത പ്രതി അയച്ചുകൊടുക്കപ്പെടും. വരിക്കാരുടെ മേൽവിലാസത്തിൽ ഉണ്ടാകുന്ന മാററങ്ങൾ അതാതു സമയം അറിയിച്ചുതരുവാൻ അപേക്ഷിച്ചുകൊള്ളുന്നു.

മാനേജർ, സനാതനധൎമ്മ ആപ്പീസ്സ് ചാലപ്പുറം

പരസ്യം

Calicut Bank, Ltd.

കലിക്കററ ബേങ്ക (ലിമിറെറഡ)

നാട്ടുകാര പലരുംചേൎന്ന് കൂട്ടായി കമ്പിനി ആക്ടുപ്രകാരം നടത്തിവരുന്ന ഈ ബേങ്കിൽ മിതമായ പലിശക്ക പണം കൊടുത്തുവരുന്നു. ഡിപ്പോസിററുകൾക്ക ന്യായമായ പലിശ കിട്ടുന്നതാണ

Edited, Printed and Published by Manjeri S. Rama Iyer, F. T. S. Lodge helper at the West Coast Press, Calicut.

Reg. M. No 930 June 1913.

ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാൽ
ജ്ഞാനയജ്ഞഃ പരന്തപ
ഗീതാ 4-33.

SANATHANA DHARMA.

സനാതനധർമ്മം.

പുസ്തകം 3. | 1913 ജൂൻമാസം | നമ്പ്ര 2.

വിഷയങ്ങൾ. ഭാഗം.

1.	സരസ്വതീസ്തോത്രം Hymn to Saraswathi	40
2.	പത്രാധിപക്കുറിപ്പുകൾ. Editorial Notes.	44
3.	ചാതുർവ്വർണ്ണ്യം—ടി. പി. ആർ. എം. On Caste.—T. P. R. M.	45
4.	ജഗന്നാഥമാഹാത്മ്യം—വി. കെ. എൻ. The Glory of Jaganath.—V. K. N.	50
5.	വിഷയാനന്ദപ്രകരണം എം: കെ. വെങ്കിടേശ്വരയ്യർ ബി.എ. ബി.എൽ. Vishayananda--A happy life.—M. [illegible] Venkiteswara Iyer B.A, B.L.	
6.	മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ പി. വി. കൃഷ്ണവാരിയർ Kunjukuttan Thampuran-The great poet.	57
7.	ശിവഗീതാ Sivagita	66
8.	ബ്രഹ്മവി[illegible]ബോധം—മൂർക്കോത്ത് കുമാരൻ Theosophy for Beginners.—Moorkoth Kumaran.	69
9.	കോപം—പെരിഞ്ചേരി രാമൻമേനോൻ ബി. എ. ബി. എൽ. Anger.—Perincheri Raman Menon B. A., B. L.	72
10.	പുസ്തകാഭിപ്രായം. Book reviews.	